
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 13 | THE ONLINE OFFICIAL NEWS BULLETIN | 2022 March 26

വലിയ നോമ്പുകാലം | SEASON OF GREAT LENT | ܥܕܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܒܫܒܐ TUESDAY	ܐܪܒܥܒܫܒܐ WEDNESDAY	ܚܡܫܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
27  ♪5 hadbšabo d Kfifto (Crippled Woman) 5th Sunday of Great Lent	28 ♪1	29 ♪5	30 ♪1	31 ♪5	1 ♪1	2 ♪5



കോലഞ്ചേരി പള്ളിയിൽ കബറടങ്ങിയിരിക്കുന്ന ഏഴാം മാർത്തോമ്മായുടെ കബറിങ്കൽ പ. കാതോലിക്കാബാവ ധൂപ പ്രാർത്ഥന നടത്തി.



കോട്ടയം ചെറിയപള്ളി മഹാഇടവകയുടെ ചരിത്രം 'കോട്ടയം ചെറിയപള്ളി: ചരിത്രവും സാക്ഷ്യവും' പ. കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു. താഴത്തങ്ങാടി ജുമ: മസ്ജിദ് ഇമാം സദക്കത്തുള്ള അദനി, തളിയിൽ മഹാദേവ ക്ഷേത്രം ക്ഷേത്രോപദേശക സമിതി രക്ഷാധികാരി സച്ചിതാനന്ദനായിക്ക് എന്നിവർ ചേർന്നാണ് പുസ്തകത്തിന്റെ ആദ്യ പ്രതി ഏറ്റുവാങ്ങിയത്. ചെറിയപള്ളി വികാരി ഫാ. പി. എ. ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ എ, തോമസ് ജേക്കബ്, ഫാ. യൂഹാനോൻ ബേബി, ഡോ. പോൾ മണലിൽ, ഡോ. കുര്യൻ തോമസ്, പള്ളിക്കോണം രാജീവ്, സച്ചിതാനന്ദ നായിക്ക്, ഡോ. പി. ആർ സോന, കോട്ടയം ചെറിയപള്ളി ട്രസ്റ്റി ജേക്കബ് മാത്യു, സഭാ മാനേജിങ് കമ്മിറ്റി അംഗം ടോം കോര അഞ്ചേരിൽ എന്നിവർ പ്രസംഗിച്ചു.



പരുമല സെമിനാരിയിൽ നടന്ന പാതി നോമ്പ് ശുശ്രൂഷയ്ക്ക് തിരുവനന്തപുരം ഭദ്രാസനാധിപൻ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത പ്രധാന കാർമികത്വം വഹിച്ചു. പരുമല സെമിനാരി മാനേജർ ഫാ. വിനോദ് ജോർജ്ജ് അസിസ്റ്റൻറ് മാനേജർമാരായ ഫാ. ഡോ. എം. എസ്. യൂഹാനോൻ റമ്പാൻ, ഫാ. മത്തായികുട്ടി വൈ., പരുമല ആശുപത്രി സി.ഇ.ഒ. ഫാ. എം. സി. പൗലോസ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.




ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര അസംബ്ലി പരുമല സെമിനാരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യുവജനപ്രസ്ഥാനത്തിന്റെ ആദരവുകൾ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിക്ക് സമർപ്പിച്ചു. യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അദ്ധ്യക്ഷത വഹിച്ചു. പരുമല സെമിനാരി മാനേജർ ഫാ. വിനോദ് ജോർജ്ജ്, കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. വർഗീസ് ടി. വർഗീസ്, കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ്, കേന്ദ്ര ട്രഷറാർ ജോജി പി. തോമസ് എന്നിവർ പ്രസംഗിച്ചു.

ആരാധനാ കലണ്ടർ

സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



അനുഗ്രഹിക്കപ്പെട്ട ദൈവജനമെ,

രക്ഷാകരമായ വലിയ നോമ്പിന്റെ മദ്ധ്യത്തിൽ നമ്മുടെ കർത്താവിന്റെ വിജയ സ്ലീബാ വി. ദേവാലയത്തിൻ മദ്ധ്യത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു കഴിഞ്ഞു. ഇനിയും നമ്മുടെ ആയുധവും കൊടിയടയാളവുമായ സ്ലീബായിൽ ദൃഷ്ടി പതിപ്പിച്ച് അതിന്റെ പാർശ്വങ്ങളിൽ അണിനിരന്നുകൊണ്ടാണ് വൈരിയായ സാത്താനെ എതിർത്തു തോല്പിക്കുവാനുള്ള നമ്മുടെ യാത്ര പുരോഗമിക്കുന്നത്. “ശക്തിയിൽ പരാക്രമനും യുദ്ധത്തിൽ പ്രബലനും ആകൽക്കറുസായോടു പോരാട്ടവും യുദ്ധവും ചെയ്തു ബലഹീനതയുള്ള ഞങ്ങളുടെ കുലത്തിനു ജയം നൽകുന്നവനുമായ കർത്താവേ’ എന്ന് അഭിസംബോധന ചെയ്തുകൊണ്ടാണ് പ്രാർത്ഥന മുന്നേറുന്നത്.

‘ചെകുത്താൻ കുരിശു കണ്ടതുപോലെ’ എന്ന പ്രയോഗം വെറുതെ ഉണ്ടായതല്ല. സ്ലീബാ ഉയർത്തി നാട്ടപ്പെട്ട ഒരിടത്തും ഒരു പൈശാചികശക്തിക്കും ഒരു വിധത്തിലും കടന്നു കയറുവാൻ സാധിക്കുകയില്ല എന്നത് ഒരു വസ്തുതയാണ്. “കുരിശ് വരയ്ക്കണം, കുരിശ് ധരിക്കണം, കുരിശ് വഹിക്കണം” എന്ന് പിതാക്കന്മാർ നിഷ്കർഷിക്കുന്നത് കുരിശിന്റെ പ്രാമാണികശക്തി മനസ്സിലാക്കികൊണ്ടാണ് എന്ന് ഓർക്കണം.

പാപം രോഗത്തിന് ഹേതുവാകുന്നുവെന്നതിനാൽ പാപരോഗം എന്ന ഒരു പ്രയോഗം തന്നെ നമ്മുടെ ആരാധനക്രമങ്ങളിൽ ഏറെ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇന്ന് ആധുനിക രോഗ നിർണ്ണയ പ്രക്രിയയിലും പാപം രോഗകാരണമാകുന്നുയെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. പാപം മാനസികവും ശാരീരികവുമായ രോഗങ്ങൾക്ക് മുഖാന്തിരമാവുകയും അതിന്റെ ഫലമായി നാം ആത്മമരണം പ്രാപിക്കുകയും ചെയ്യുന്നു. ഏദനിൽ ആദമിനും ഹവ്വായ്ക്കും സംഭവിച്ചത് ഈ ആത്മമരണമാണ്. അതിൽ നിന്നും മോചനം പ്രാപിക്കുവാനുള്ള ചികിത്സാ സംവിധാനമാണ് വി. നോമ്പ് എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു.

പിതാക്കന്മാരുടെ ഒരു പ്രാർത്ഥനാഭാഗം ശ്രദ്ധിക്കുക: “മനുഷ്യകുലത്തിന്റെ സഹായിയും രക്ഷകനുമായ ദൈവമേ, പാപവികാരത്താൽ രോഗം പിടിപെട്ട ആത്മാക്കളുടെ സൗഖ്യത്തിനു വേണ്ടി നോമ്പാകുന്ന ഔഷധ ഭണ്ഡാരത്തിലേയ്ക്കു നീ ഞങ്ങളെ വഴിനടത്തി. ആത്മനിശ്വാസികളായ പ്രവാചകന്മാരും ദൈവികന്മാരായ അപ്പോസ്തോലന്മാരും വെടിപ്പോടു വിശുദ്ധിയോടും കൂടെ ഈ പരിശുദ്ധ നോമ്പ് അനുഷ്ഠിച്ചതിനാൽ ഏദൻതോട്ടത്തിൽ വച്ച് ഞങ്ങളുടെ പിതാവായ ആദാമിനെ വഞ്ചിച്ച ആകൽക്കറുസായെ തോല്പിച്ച് കീഴ്പെടുത്തി; ആകയാൽ പ. സഭയും പ. നോമ്പിനെ ആദരിക്കുകയും വിശുദ്ധിയോടെ അതിനെ പ്രമാണിക്കുകയും ചെയ്യുന്നു. അതിനാൽ ഞങ്ങൾ പ. റൂഹായുടെ ആലയങ്ങളായി തീരുന്നു; ആത്മശരീരങ്ങളുടെ വിഷമോഹങ്ങളെ ഞങ്ങൾ ജയിക്കുന്നു. അതിനാൽ കർത്താവിന്റെ ശക്തിപ്പെടുത്തുന്ന കൃപ ഞങ്ങളുടെ ബലഹീനതയിൽ ആവസിക്കുന്നു. വി. നോമ്പാൽ ഞങ്ങൾ ദൈവിക ദാനങ്ങൾക്ക് അർഹരാകുന്നു. അനുതപിക്കുന്ന പാപികളുടെ കടങ്ങൾ മോചിക്കപ്പെടുന്നു. വി. നോമ്പിന്റെ ജ്ഞാനം മൂലം മോശയുടെ മുഖംപോലെ ഞങ്ങളുടെ മുഖവും ശോഭിതമാകുന്നു. ആകയാൽ ഞങ്ങൾക്കുവേണ്ടി നോമ്പു നോക്കുകയും ഞങ്ങളെ ആയത് പഠിപ്പിക്കുകയും നോമ്പാകുന്ന ആയുധം ഞങ്ങൾക്ക് നൽകുകയും ചെയ്തവനെ ഞങ്ങൾ സ്തുതിക്കുന്നു.

സകലത്തെയും രൂപാന്തരപ്പെടുത്തുന്ന വി. നോമ്പിന്റെ ശക്തിയിൽ കർത്താവിന്റെ കൃപയാൽ കുഷ്ഠരോഗത്തിൽ നിന്നും തളർച്ചയിൽ നിന്നും മാനസിക വിഭ്രമങ്ങളിൽ നിന്നും മറ്റ് എല്ലാ രോഗാവസ്ഥകളിൽ നിന്നും രക്ഷപ്പെട്ട് രക്ഷാതുറമുഖമായ വി. സ്ലീബായുടെ മുമ്പിൽ നാം എത്തിയിരിക്കുകയാണ്. എന്നാൽ പാപകൂനിന്റെ അടിമയാണെങ്കിൽ സ്ലീബായിലേയ്ക്ക് ദൃഷ്ടി ഉയർത്തുവാൻ നമുക്ക് കഴിയാതെ വന്നേക്കാം. സ്വയംകൃതവും ഒപ്പം സമൂഹം നമുക്ക് ചാർത്തപ്പെട്ടു തരുന്നതുമായ പലവിധ പാപഭാരങ്ങളാൽ നടുവൊടിഞ്ഞ് കൂനിയ അവസ്ഥയിൽ നിന്നും നാം വിമോചിതരായെങ്കിൽ മാത്രമേ നിവർന്നു നിന്ന് സ്ലീബായിലേയ്ക്ക് നോക്കി രക്ഷപ്പെടുവാനും അതിനെ കുമ്പിട്ടു വന്ദിക്കുവാനും അതിന്റെ ശക്തിയാൽ മുന്നോട്ടു സഞ്ചരിക്കുവാനും അതിനെ ആയുധമാക്കി പൈശാചിക ശത്രുവിനെതിരെ യുദ്ധം ചെയ്യുവാനും നമുക്ക് കഴിയൂ.

പതിനെട്ടു സംവത്സരമായി കൂനിയിരുന്ന ഒരു പാവപ്പെട്ട സ്ത്രീയെ ഉദ്ധരിക്കുന്ന അതിമനോഹരമായ സംഭവമാണ് വി. നോമ്പിന്റെ അഞ്ചാം ഞായറാഴ്ചയിൽ ധ്യാനത്തിനായി പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. രോഗബന്ധനത്താൽ കൂനിയാക്കപ്പെട്ട സ്ത്രീ ഇന്നും സമൂഹമദ്ധ്യേ വലിയ ഒരു പ്രതീകമാണ്. ‘അരുത്’ എന്ന വിലക്കുകൾകൊണ്ട് അവളെ ബന്ധിക്കുന്ന കുടുംബവും സമൂഹവുമാണ് ഇന്നും അവളുടെ ചുറ്റും കാണുന്നത്. അവൾ കൂടുതൽ കുനിയട്ടെ എന്നാണ് പൊതു പ്രമാണം എന്ന് തോന്നുന്ന അവസ്ഥ. “നാ സ്ത്രീ സ്വാതന്ത്ര്യമർഹതി” എന്ന മനു ആചാര്യന്റെയും ‘സ്ത്രീ സമൂഹത്തിൽ മിണ്ടാതിരിക്കട്ടെ’ എന്ന വി. പൗലോസ് ശ്ലീഹായുടെയും വാക്കുകൾ അവർ ഉദ്ധരിച്ച് യഥാർത്ഥ അർത്ഥത്തിൽ നിന്നും വ്യതിചലിച്ച് ഉദ്ധരിക്കുന്നതിൽ വ്യഗ്രത കാണിക്കുന്നവർ അവളുടെ കൂനിനെ നിവർത്തിയ കർത്താവിനെ പലപ്പോളും കാണാതെ പോവുകയും “സ്ത്രീയേ നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു; ഉണരുക, എഴുന്നേല്ക്കുക, മുന്നോട്ടു സഞ്ചരിക്കുക. ലക്ഷ്യത്തിലെത്തുക എന്ന ആഹ്വാനങ്ങൾ കാണാതെ പോകുന്നു. സ്ത്രീ വിമോചനവാദികളിൽ ഭൂരിപക്ഷവും സത്യത്തിൽ അവളുടെ കൂനിനെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അവളിലേക്ക് കുനിയുവാനും അവളെ കാണുവാനും പ്രതീക്ഷയുടെ വാക്കുകളാലും സഹായഹസ്തങ്ങളാലും അവളെ ഉദ്ധരിക്കുവാനും കഴിയണമെങ്കിൽ നാം ക്രിസ്തുവിന്റെ അനുഭവമുള്ളവരാകണം. പാപത്താൽ തല കുനിഞ്ഞിരുന്ന, സമൂഹം അവളിൽ ആരോപിച്ച കുറ്റങ്ങളാൽ വിറളി പൂണ്ട് കൂനിയിരുന്ന എത്ര സ്ത്രീകളെയാണ് അവൻ ഉദ്ധരിച്ചത്. “സ്ത്രീയേ ഞാനും നിന്നെ വിധിക്കുന്നില്ല; പോക ഇനിയും പാപം കൂടാതെ ജീവിക്കുക” എന്ന കർത്താവിന്റെ കല്പനയും തന്റെ കാൽ കണ്ണുനീർ കൊണ്ട് കഴുകി മുടികൊണ്ട് തുടച്ച സ്ത്രീയെ തോളിൽ പിടിച്ച് എഴുന്നേല്പിച്ച് സമൂഹത്തിൽ നിവർത്തി നിർത്തിയ കർത്താവിനെയും നാം കാണാതെ പോകുന്നുവെങ്കിൽ നമ്മുടെ നോമ്പ് നമസ്ക്കാരങ്ങൾ വ്യർത്ഥം എന്നേ വരൂ.

സ്ത്രീ ശ്രേഷ്ഠയും ബഹുമാന്യയുമായി കാണപ്പെടണമെന്നു തന്നെയാണ് മനു ആചാര്യനും വി. പൗലോസ് ശ്ലീഹായുമൊക്കെ പഠിപ്പിക്കുന്നത്. കൗമാരത്തിൽ പിതാവിനാലും യൗവനത്തിൽ ഭർത്താവിനാലും വാർദ്ധക്യത്തിൽ മക്കളാലും അവർ സംരക്ഷിക്കപ്പെടണം; അവൾ ഉപേക്ഷിതയാകരുത് എന്നാണ് മനുധർമ്മം പഠിപ്പിക്കുന്നത്. സ്വാതന്ത്ര്യം എന്ന പദത്തിന്റെ ഒരു അർത്ഥം മാത്രം അറിയുന്നവർ സ്ത്രീയെ കൂടുതൽ കൂനിയാക്കുവാൻ മനുസ്മൃതിയെ കൂട്ടുപിടിക്കുന്നുവെന്ന് മാത്രം. സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടി എഴുതുകയും സ്ത്രീകളെ പേർ ചൊല്ലി സംബോധന ചെയ്യുകയും ബഹുമാനിക്കുകയും ചെയ്യുന്ന അനേക ഭാഗങ്ങൾ വി. പൗലോസിന്റെ ലേഖനങ്ങളിൽ ഉള്ളത് ബോധപൂർവ്വം കാണാതിരിക്കുന്നവരാണ് അവളെ കൂനിയാക്കുവാൻ കൂട്ടു നിൽക്കുന്നത് എന്ന് ഓർക്കണം.

‘സ്ത്രീ അവമതിക്കപ്പെടുമ്പോൾ സ്വർഗ്ഗം കരയുന്നു’ എന്ന് ഒരു പ്രമാണമുണ്ട്. അവളെ സംശയിക്കുന്നവന്റെ മുന്നിൽ അവൾ അഗ്നിശുദ്ധി പ്രാപിച്ച് എഴുന്നേറ്റു നില്ക്കുന്ന ചിത്രം രാമായണ മഹാകാവ്യം മുതൽ നാം കാണുന്നുണ്ട്. ഒപ്പം സംശയിച്ചവന്റെ മുന്നിൽ അവന്റെ നീതീകരണത്തിനുവേണ്ടി പാവയായി ആടുന്നതിന് പകരം അവൾ ഭൂമി പിളർന്ന് സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെടുന്ന അനുഭവമാണ് കുലീന സ്ത്രീയായ സീതാദേവിയിൽ കാണുന്നത്.

നിന്നെ വഹിച്ച ഉദരവും നീ കുടിച്ച മുലകളും അനുഗ്രഹിക്കപ്പെട്ടത് എന്ന് വി. മാതാവിനെ സാക്ഷിക്കുന്ന ശ്രേഷ്ഠമായ സംഭവങ്ങൾ വി. ഗ്രന്ഥത്തിൽ ഉടനീളം ഉണ്ടെന്നും ഓർക്കണം. ചുരുക്കത്തിൽ സ്ത്രീത്വത്തെ ആദരിക്കുവാനും

ആവശ്യമുള്ളപ്പോൾ ഒരു കൈ സഹായിക്കുവാനും സമൂഹത്തിൽ ഉയർന്ന സ്ഥാനം നൽകുവാനും നമുക്ക് സാധിക്കണം എന്ന വലിയ പാഠമാണ് കർത്താവ് നൽകുന്നത്. കേവലം ഒരു സ്ത്രീയുടെ കൂന് നിവർത്തി ഒരു അത്ഭുതം കാണിച്ചുവെന്നതിനേക്കാൾ വലിയ പ്രാധാന്യം ഈ സംഭവത്തിന് ഉണ്ട്.

പ്രിയമുള്ളവരേ,

വലിയ നോമ്പിന്റെ കൂടുതൽ ഗൗരവമുള്ള ദിവസങ്ങളിലേയ്ക്ക് നാം അടുക്കുകയാണ്. പൂർണ്ണമായും അവനിൽ ശരണം പ്രാപിച്ച് മുന്നോട്ടു പോകുവാൻ ഇടയാകണം. ചൂടും ഉഷ്ണവും കൂടുമ്പോൾ ശരീരത്തിന് കൂടുതൽ തളർച്ചയുണ്ടാകാം. എന്നാൽ ഭക്ഷണമോഹത്തെ തോല്പിക്കുവാൻ സാധിക്കണം. കഠിന സാഹചര്യങ്ങളെ ക്രിസ്തുവിൽ ആശ്രയിച്ച് അതിജീവിക്കുവാൻ പഠിക്കുമ്പോഴാണ് നാം ആത്മിക വളർച്ച പ്രാപിക്കുന്നത്.

ദൈവത്തിന്റെ പ. സഭയും ഏറ്റവും പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന സമയമാണല്ലോ ഇത്. നീതിപീഠങ്ങളിൽ നിന്നും ഉണ്ടാകുന്ന തീരുമാനങ്ങളെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്തുകൊണ്ട് സഭയെ ഉപദ്രവിക്കുന്നവരോടൊപ്പം ചിലപ്പോഴൊക്കെ സ്വാർത്ഥമോഹങ്ങളോടെ ഭരണകൂടവും പ്രവർത്തിക്കുന്നത് കാണുമ്പോൾ ദുഃഖം തോന്നാം. എന്നാൽ നിയമ മാർഗ്ഗങ്ങളിലൂടെയും പ്രാർത്ഥനയിലൂടെയും മാത്രമേ നാം അതിനെ അഭിമുഖീകരിക്കാവൂ. അല്ലാത്തവിധം ധിക്കാരപരമായി പ്രവർത്തിച്ചാൽ സമൂഹമദ്ധ്യേ പ. സഭയുടെ സാക്ഷ്യം നഷ്ടപ്പെടുകയും ദൈവനാമം ദുഷിക്കപ്പെടുവാൻ ഇടയാവുകയും ചെയ്യുമെന്ന് ഓർക്കണം.

പ. ബാവാ തിരുമേനിയെയും അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരെയും വന്ദ്യ വൈദിക സമൂഹത്തെയും നിങ്ങൾ സദാ പ്രാർത്ഥനയിൽ ഓർക്കണം. നിങ്ങളുടെ പ്രാർത്ഥനയാണ് ബലഹീനതയിൽ ഞങ്ങളെ ശക്തീകരിക്കുന്നത്. വിശ്വാസികളെ ഓർത്ത് എന്നും എപ്പോഴും പ്രാർത്ഥിക്കുവാനുള്ള കടമ വൈദികർക്കും ഉണ്ട് എന്ന് അറിയാമല്ലോ.

ദൈവം അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ.



താക്കോൽ കൈമാറി

കൂട്ടിക്കൽ: കോട്ടയം ഭദ്രാസനത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം പ്രദേശത്ത് പ്രകൃതി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് കോട്ടയം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ച് നൽകുന്ന 20 വീടുകളിൽ പണികൾ പൂർത്തിയായ 6 വീടുകളുടെ താക്കോൽ ദാനം കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് നിർവ്വഹിച്ചു. പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു കെ. ജോൺ, മുണ്ടക്കയം പള്ളി വികാരി ഫാ. ബിറ്റു, കൂട്ടിക്കൽ പള്ളി വികാരി ഫാ. അജോ, കോട്ടയം ഭദ്രാസന മാനേജിംഗ് കമ്മറ്റി അംഗങ്ങളായ മോനിച്ചൻ തലക്കുളം, ജേക്കബ് കൊച്ചേരി, ഭദ്രാസന കൗൺസിലംഗം അനിൽ മോൻ, ഭദ്രാസന പ്രാർത്ഥനാ യോഗം സെക്രട്ടറി പി. എസ്. ജോർജ്ജ്, മുണ്ടക്കയം, കൂട്ടിക്കൽ പള്ളി ഇടവകാംഗങ്ങൾ, സമീപവാസികൾ എന്നിവർ സന്നിഹിതരായിരുന്നു.



ഉരുൾപൊട്ടൽ ദുരന്തം വിതച്ച കൂട്ടിക്കൽ പ്രദേശത്തു മലങ്കരസഭ നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യ ഭവനം കോട്ടയം ചെറിയപള്ളി മഹാഇടവകയുടെ നേതൃത്വത്തിൽ നിർമിച്ചത് കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ. യുഹാനോൻ മാർ ദിയസ്കോറോസ് കൂദാശയും, താക്കോൽ ദാനവും നിർവഹിച്ചു. പൂഞ്ഞാർ എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, കോട്ടയം ചെറിയപള്ളി വികാരി ഫാ. പി. എ. ഫിലിപ്പ്, സഹവികാരിമാരായ ഫാ. യുഹാനോൻ ബേബി, ഫാ. ജോസഫ് കുര്യൻ വട്ടകുന്നേൽ, ട്രസ്റ്റി ജേക്കബ് മാത്യു മുട്ടുമ്പുറം, സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.



നാല്പതാമത് കിഴുമുറി കൺവെൻഷൻ നിയുക്ത മെത്രാൻ ഫാ. സഖറിയ നൈനാൻ ഉത്ഘാടനം ചെയ്തു. വികാരി ഫാ. എബ്രഹാം കെ. ജോൺ സ്വാഗത പ്രസംഗം നടത്തി. സെമിനാരി അദ്ധ്യാപകനും ഇടവകാംഗവുമായ ഫാ. ഡോ. വർഗീസ് പി. വർഗീസ് ആമുഖ സന്ദേശം നൽകി. നിയുക്ത മെത്രാപോലിത്തയെ മുതിർന്ന വൈദികനും ഇടവകാംഗവുമായ ഫാ. സ്കറിയ പി. ചാക്കോയെ ആദരിച്ചു. യോഗത്തിൽ ഇടവകാംഗങ്ങളായ ഫാ. പൗലോസ് ജോസഫ്, ഫാ. തോമസ് സാബു എന്നിവർ സന്നിഹിതരായിരുന്നു .



കണ്ടനാട് പള്ളി നിയുക്ത മെത്രാപ്പോലീത്തമാർക്ക് അനുമോദനം നൽകി.

പ. പാമ്പാടി തിരുമേനിയുടെ തിരുമൊഴികൾ

"മക്കളെ, പ്രയാസപ്പെടുന്നവരെ സഹായിക്കണേ. പകവെച്ചുകൊണ്ടിരിക്കരുത്. എല്ലാവരേയും സ്നേഹിക്കണം. കേസും വഴക്കും നന്നല്ല."

സ്നേഹത്തിന്റെ സ്വാതന്ത്ര്യം

ഒരു മഹാ രഹസ്യം

യാഥാർത്ഥ്യത്തിന്റെ ഹൃദയസ്ഥാനത്ത് ഒരു മഹാ രഹസ്യമായി, പരിശുദ്ധാത്മാവിലുള്ള സർഗ്ഗാത്മക സ്വാതന്ത്ര്യത്തോടൊപ്പം എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന സ്നേഹം. ഒരു മനുഷ്യന്റെ ദർശനം. ഒരു ആദ്ധ്യാത്മിക ആത്മകഥ

പൗലോസ് മാർ ഗ്രീഗോറിയോസ്


വിവർത്തനം: എം. കുര്യൻ

ചക്രവർത്തി ശ്രമം തുടരുന്നു

ഇൻഡ്യാനയിലെ ഗോഷനിൽ 1950–52–ൽ ഞാനൊരു ബി. എ. വിദ്യാർത്ഥിയായിരുന്നു. 1950 നവംബറിൽ ഒരു കമ്പി കിട്ടി. ചക്രവർത്തിയുടെ ദ്വിതീയപുത്രനായ മക്കോന്നൻ ഹെയ്ലി സെലാസി രാജകുമാരനിൽ നിന്ന്. അദ്ദേഹം അമേരിക്കൻ പര്യടനത്തിലാണ്. ഏതാനും ദിവസം ഷിക്കാഗോയിലുണ്ടാകും. ആ നഗരത്തിലെ ബ്ലാക്ക്സ്ടൺ ഹോട്ടലിൽ വച്ച് അദ്ദേഹത്തിന് എന്നെ കാണാൻ താല്പര്യമുണ്ട്.

ഞാൻ പോയി. ഗോഷനിൽ നിന്നു 120 മൈൽ അകലെയാണു ഷിക്കാഗോ. അദ്ദേഹം എനിക്കുവേണ്ടി ഒരു ഹോട്ടൽ മുറി ബുക്കു ചെയ്തിരുന്നു.

ആഡംബരപൂർണമായ ഒരു മുറി. എന്നെ കണ്ടതിൽ രാജകുമാരൻ സന്തുഷ്ടനായി. തന്റെ പിതാവ് രണ്ടു പ്രധാന ചുമതലകൾ തന്നെ ഭരമേല്പിച്ചതായി അദ്ദേഹം പറഞ്ഞു. ഒന്ന് – എണ്ണ പര്യവേക്ഷണത്തിനു സമർത്ഥമായ ഒരു കമ്പനി അമേരിക്കയിൽ തപ്പിപ്പിടിക്കുക. എത്യോപ്യയിൽ എണ്ണയുണ്ടെങ്കിൽ കുഴിച്ചെടുക്കുക. രണ്ടാമത്തെ ദൗത്യം എന്നെ എത്യോപ്യയിലേക്കു മടക്കിക്കൊണ്ടുപോകാനായിരുന്നു.



രാജകുമാരന് എന്നേക്കാൾ ഏതാനും വർഷത്തെ പ്രായക്കൂടുതലുണ്ട്. പക്ഷേ, ഞങ്ങൾ കാര്യങ്ങൾ തുറന്നുപറഞ്ഞു. ഞാൻ പഠിത്തമാരംഭിച്ചിട്ടു കുറച്ചുമാസങ്ങളേ ആയിട്ടുള്ളുവെന്നും ഇനിയെന്തെങ്കിലും ഏറ്റെടുക്കുന്നതിനു മുമ്പ് എനിക്കു ബിരുദം പൂർത്തിയാക്കണമെന്നും ഞാൻ വ്യക്തമാക്കി. എന്റെ കോഴ്സു തീരാൻ എത്രകാലം കൂടിയുണ്ടെന്ന് അദ്ദേഹം തെരക്കി. ഒരു ബിരുദം കിട്ടാൻ 120 'ക്രെഡിറ്റു മണിക്കൂറുകൾ' പഠനം വേണം. സാധാരണഗതിയിൽ ഇതിനു നാലു വർഷം വേണം. എന്നാൽ ഓവർടൈം ജോലിചെയ്ത് അതു രണ്ടു വർഷംകൊണ്ടു പൂർത്തിയാക്കാനാണ് എന്റെ ശ്രമം. ആ രണ്ടു വർഷം തീരുന്നയുടൻ എത്യോപ്യയിലേക്കു മടങ്ങണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇപ്പോൾ ഒന്നും തീർച്ചപ്പെടുത്താനാവില്ലെന്നു ഞാൻ വ്യക്തമാക്കി.

'ഏതായാലും താങ്കൾ വന്നതിൽ ഞാൻ സന്തുഷ്ടനാണ്. ഷിക്കാഗോയിൽ ഷോപ്പിംഗ് നടത്തുന്നതിൽ താങ്കൾ എന്നെ സഹായിക്കണം. ഞാൻ ചില കടകളിൽ പോയി. ഹാവു! എന്റെ ദൈവമേ! എന്തൊരു വർണവിവേചനം! എന്റെ നിറം കാരണം ചിലർ വളരെ അപമര്യാദതന്നെ കാണിച്ചു. ഇന്നു നമ്മൾ രണ്ടു പേരും കൂടി മുന്തിയ ചില കടകളിൽ പോകും. ഞാൻ ഇംഗ്ലീഷിൽ യാതൊന്നും പറയില്ല. ഇംഗ്ലീഷ് ഒട്ടുമേ മനസ്സിലാകുന്നില്ലെന്നു ഭാവിക്കും. അംഹാരിക്ക് ഭാഷയിൽ ഞാൻ പറയുന്നത് താങ്കൾ തർജമ ചെയ്യണം. നിറം കറുപ്പാണെങ്കിൽ പോലും അവർ വിദേശികളോടു കൂടുതൽ മര്യാദകാണിക്കുമെന്നു ഞാൻ കേട്ടിട്ടുണ്ട്. ഞാൻ ഒരു രാജകുമാരനാണെന്നും മറ്റും താങ്കൾക്ക് അവരെ ധരിപ്പിക്കാം. എന്താണു സംഭവിക്കുന്നതെന്നു കാണാൻ രസമുണ്ടാകും."

അങ്ങനെ ഞങ്ങൾ ഒരുമിച്ചു ഷോപ്പിങ്ങിനു പോയി. ചില സാധനങ്ങളുടെ വിലയോ ഗുണമോ അദ്ദേഹം അംഹാരിക്കിൽ ചോദിക്കും. ഞാൻ അത് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യും: "ഈ ക്രിസ്റ്റൽ വാസിന് എന്തു വില വരുമെന്ന് മഹാരാജാവ് തിരുമേനി തിരക്കുന്നു. ഇത് യഥാർത്ഥ ക്രിസ്റ്റൽ ആണോ എന്നും അദ്ദേഹത്തിനറിയണം." വില്പന നടത്തുന്നവരുടെ മനോഭാവത്തിൽ പ്രകടമായ മാറ്റം കാണാനായി. ഷിക്കാഗോയിലെ പല സ്റ്റോറുകളിലും ബഹുനേരമ്പോക്കായിരുന്നു. 1950–ൽ എനിക്ക് അമേരിക്കക്കാരുടെ വർണവിവേചനം സംബന്ധിച്ച് നല്ല ഒരു പാഠം അങ്ങനെ പഠിക്കാനായി. രാജകുമാരനോടുള്ള എന്റെ സഖിത്വം കൂടുതൽ ഗാഢതരമായി, അമേരിക്കൻ വർഗീയത സംബന്ധിച്ചു ഞങ്ങൾ പലപ്പോഴും സംസാരിക്കുകയും ചെയ്തു.

ചക്രവർത്തി വീണ്ടും പിന്നാലെ

പ്രിൻസ്ടൺ തിയോളജിക്കൽ സെമിനാരിയിൽ എന്റെ അവസാന വർഷം (1954). ഹെയ്ലി സെലാസി ചക്രവർത്തി അമേരിക്കയിൽ ഔദ്യോഗിക സന്ദർശനത്തിനു വരുന്നുവെന്നും സന്ദർശന പരിപാടിയിൽ പ്രിൻസ്ടൺ യൂണിവേഴ്സിറ്റിയും ഉൾപ്പെടുന്നുണ്ടെന്നും ഞങ്ങൾ കേട്ടു. പരസഹസ്രം വിദ്യാർത്ഥികൾ പഠിക്കുന്ന സർവകലാശാലയിൽ അദ്ദേഹം വിദ്യാർത്ഥി സമൂഹത്തെ അഭിസംബോധന ചെയ്യാൻ സാധ്യതയില്ലാഞ്ഞതിനാൽ, വിദൂരത്തിൽ നിന്ന് അദ്ദേഹത്തെ കാണാൻ സാധിച്ചേക്കാമെന്ന അവ്യക്തമായ പ്രതീക്ഷയേ എനിക്കുണ്ടായിരുന്നുള്ളു. അതുകൊണ്ട്, ഒരു ദിവസം ഞങ്ങളുടെ സെമിനാരിയുടെ പ്രഖ്യാതനായ പ്രസിഡണ്ട് ഡോ. ജോൺ മാക്കേ (പാത്രിയർക്കീസ് മാക്കേ എന്നാണ് വിദ്യാർത്ഥികൾ അദ്ദേഹത്തെ കളിയാക്കി വിളിച്ചിരുന്നത്) എന്നെ തന്റെ ഓഫീസിലേക്കു വിളിപ്പിച്ചപ്പോൾ ഞാൻ വിസ്മയഭരിതനായി. ചക്രവർത്തിക്ക് ഒരു സ്വീകരണം നല്കുന്നുണ്ടെന്നും ഫാക്കൽറ്റി ഡിപ്പാർട്ടുമെന്റുകളുടെ തലവന്മാരെ മാത്രമേ ക്ഷണിക്കുന്നുള്ളുവെന്നും (പ്രിൻസ്ടണിലെ വിഖ്യാതരായ ഫാക്കൽറ്റി മുഴുവനെടുത്താൽ അതു തന്നെ പരശ്ശതം ആളുകളുണ്ടാവും) എല്ലാ ഫാക്കൽറ്റി അംഗങ്ങളെയും പരിചയപ്പെടുത്താൻ തന്നെ സമയം കിട്ടില്ലെന്നും, അദ്ദേഹം എന്നോടു പറഞ്ഞു. ചക്രവർത്തി എന്നെ കാണുന്നതിന് പ്രത്യേക താല്പര്യം പ്രകടിപ്പിച്ച നിലയ്ക്കു പ്രസിഡണ്ട് എന്നെ പ്രത്യേകമായി സ്വീകരണത്തിനു ക്ഷണിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രസിഡണ്ടിനു ഇക്കാര്യം വിസ്മയമുളവാക്കിയിട്ടുണ്ടാവുമെന്നു തോന്നി. സ്വീകരണത്തിൽ ഡിപ്പാർട്ടുമെന്റ് മേധാവികളും വിവിധ സ്കൂളുകളുടെ തലവന്മാരുമായി അമ്പതോളം പേരുണ്ടായിരുന്നു. സന്നിഹിതരായവരിൽ വിദ്യാർത്ഥി ഞാൻ മാത്രം. ഒരു വലിയ സ്വീകരണമുറിയിൽ ഞങ്ങൾ ഒരു വൃത്ത

മായി നിന്നു. പ്രസിഡണ്ട് മാക്കേ ചക്രവർത്തിയോടൊപ്പം നടന്ന് ഓരോ പ്രൊഫസറെയും ചക്രവർത്തിക്കു പരിചയപ്പെടുത്തി. ചക്രവർത്തി ഓരോരുത്തർക്കും ഹൃദ്യമായി ഹസ്തദാനം നല്കി. പക്ഷേ ആരുമായും സംസാരിക്കാൻ മെനക്കെട്ടില്ല. അദ്ദേഹം എന്നെ ആ വൃത്തത്തിൽ കണ്ടതു മുതൽ പുഞ്ചിരിക്കാൻ തുടങ്ങി. പരിചയപ്പെടുത്തുന്ന പ്രൊഫസർമാരെയല്ല, എന്നെയാണ് അദ്ദേഹം നോക്കുന്നതെന്ന് കണ്ടു ഞാൻ അമ്പരന്നുപോയി.

എന്റെ അടുക്കലെത്തിയപ്പോൾ യൂണിവേഴ്സിറ്റി പ്രസിഡണ്ടു പറഞ്ഞു. "തിരുമേനി കാണാനാഗ്രഹിച്ച യുവാവ് മി. പോൾ വറുഗീസ്."

"ഉവ്വ്. എനിക്കറിയാം." ചക്രവർത്തി പ്രകാശപൂർണമായ പുഞ്ചിരിയോടെ മറുപടി നല്കി. അനന്തരം ചക്രവർത്തി അംഹാരിക്ക് ഭാഷയിൽ എന്നോടു പറഞ്ഞു: "അപ്പോൾ ഇതാണു നിന്റെ യൂണിവേഴ്സിറ്റി. നാം നിന്നെത്തേടി ഇവിടെയെത്തി. നിന്റെ പഠിത്തം തീർന്നുവെന്നും ഏതാനും ദിവസത്തിനകം നിന്റെ ബിരുദം കിട്ടുമെന്നും നമുക്കറിയാം. നീ നമ്മോടു കൂടി എത്യോപ്യയിലേക്കു വരുകയാണ്. ഇനിയും ഒഴികഴിവുകൾ ഇല്ല."

ഞാൻ തികച്ചും അമ്പരന്നു. വേദനയും തോന്നി. വീണ്ടും ചക്രവർത്തിയോട് ഒക്കുകയില്ലെന്ന് എങ്ങനെ പറയും. മനസ്സിൽ തീവ്രമായി പ്രാർത്ഥിച്ചുകൊണ്ടു ഞാൻ പറഞ്ഞു: "തിരുമേനീ, ഇതെന്നെ ഗാഢമായി സ്പർശിച്ചു. തിരുമേനിയുടെ വാത്സല്യത്തിനും താല്പര്യത്തിനും ഞാൻ കൃതജ്ഞനാണ്. അങ്ങയെയും എത്യോപ്യയെയും സേവിക്കാൻ എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ ഞാൻ ഇന്ത്യ വിട്ടുപോന്നിട്ട് (1947-ൽ) ഏഴു വർഷമാകുന്നു. എനിക്ക് ഇന്ത്യയിലേക്കു മടങ്ങിപ്പോകണം. അവിടെ വച്ചു മാത്രമേ തീരുമാനങ്ങളെടുക്കാനാകൂ."

"ഇനി തീരുമാനമൊന്നുമെടുക്കാനില്ല. നാം ഏതാനും ദിവസത്തിനകം മടങ്ങിപ്പോവുകയാണ്. നീയും എന്റെ കൂടെ ഉണ്ടാകണം. എത്യോപ്യയിൽ നാം നിനക്ക് ഒരു സ്ഥാനം കണ്ടുവച്ചിട്ടുണ്ട്. ഇനിയും മർക്കടമുഷ്ടി പിടിക്കരുത്."

ഇന്ത്യക്കാരനായ ഒരു സെമിനാരി വിദ്യാർത്ഥിയോട് ചക്രവർത്തി ഇത്ര ദീർഘമായി സംസാരിക്കുന്നതെന്താണെന്ന് പ്രസിഡണ്ടും മുറിയിലുണ്ടായിരുന്ന മറ്റുള്ളവരും അത്ഭുതപ്പെടുന്നുണ്ടായിരുന്നു. തല്ക്കാലം രക്ഷപ്പെടാൻ വേണ്ടി ഞാൻ പറഞ്ഞു: "ഞാൻ തിരുമേനിയുടെ സെക്രട്ടറിയോടു സംസാരിച്ചുകൊള്ളാം." പിന്നീടു ഞാൻ സെക്രട്ടറിയെ കണ്ടു കാര്യം പറഞ്ഞു. ഇപ്പോൾ എത്യോപ്യയിലേക്ക് വരുക പ്രയാസമാണെന്നും എനിക്ക് ഇന്ത്യയിലേക്കു പോയേ മതിയാവൂ എന്നും.

സന്ദർശകനു സമ്മാനം വേണം

ഞാൻ 1954-ൽ ഇന്ത്യയിൽ മടങ്ങിയെത്തി. തല്ക്കാലത്തേക്ക് ഞാൻ എത്യോപ്യയെപ്പറ്റി എല്ലാം മറന്നു. ഇന്ത്യയിൽ പല കാര്യങ്ങൾ ചെയ്യാനുണ്ടായിരുന്നു. ജീവിതം പൂർണതയിലെത്തിയതു പോലെ. ഞാൻ ഇപ്പോഴും ഒരു അയ്മേനി തന്നെ. ആലുവാ ഫെലോഷിപ്പ് ഹൗസിൽ ക്രിസ്ത്യാനികളായ അയ്മേനികളെ ലക്ഷ്യമാക്കി ധ്യാനങ്ങളും ബൈബിൾ പഠനങ്ങളും നടത്തി. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജ് കേന്ദ്രമാക്കി മതം പഠിപ്പിച്ചു. ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ് മൂവ്മെന്റ് ഓഫ് ഇന്ത്യയുടെ ഓണററി ജനറൽ സെക്രട്ടറിയായും സ്റ്റുഡന്റ് ക്രിസ്ത്യൻ മുവ്മെന്റ് ഓഫ് ഇന്ത്യയുടെ ഓണററി സെക്രട്ടറിയായുമൊക്കെ ഞാൻ സേവനമനുഷ്ഠിച്ചു.

1956-ൽ ചക്രവർത്തി ഇന്ത്യ സന്ദർശിച്ചു. ജവഹർലാൽ നെഹ്റുവാണു പ്രധാനമന്ത്രി. ഉത്തരേന്ത്യ സന്ദർശിച്ച ശേഷം ഹെയ്ലി സെലാസി തെക്കേ ഇന്ത്യയിലേക്കു വന്നു. കൊച്ചിയിലെ ഗംഭീര സ്വീകരണ വേളയിൽ ഒരു നോക്കു കാണാമെന്നു ഞാൻ ആഗ്രഹിച്ചെങ്കിലും നടന്നില്ല. ഞാൻ പ്രധാനപ്പെട്ട ആരുമായിരുന്നില്ല. ചക്രവർത്തി കൊച്ചിക്കു സമീപം ബോൾഗാട്ടി കൊട്ടാരത്തിലാണ് താമസം. ചക്രവർത്തിയെ കയറ്റിക്കൊണ്ടു പോയ ബോട്ടിന് സമീപമെങ്ങും എത്താൻ പോലും എനിക്കു കഴിഞ്ഞില്ല. അങ്ങനെ ഏതാണ്ട് നിരാശയിൽ ഞാൻ ബോട്ടുജട്ടിയിൽ നില്ക്കുമ്പോൾ ചക്രവർത്തിയുടെ സംഘത്തിൽ പിന്നിലായി പോയ ഒരു ഭാഗം ആ വഴി വന്നു. അവർ വേറൊരു ബോട്ടിൽ കയറാൻ തുടങ്ങുകയാണ്. തത്സമയം, ബോട്ടിൽ കയറിയവരിൽ ഒരാൾ പെട്ടെന്നു പുറത്തിറങ്ങി ഇങ്ങനെ അട്ടഹസിച്ചു: "അതാ അവൻ. ഇവനെപ്പറ്റിയാണു ഞാൻ പറഞ്ഞുകൊണ്ടിരുന്നത്!" ഹാരാറിലെ പ്രഭുവായ മാക്കോന്നൻ രാജകുമാരൻ മുമ്പോട്ടുവന്ന് എന്നെ ആലിംഗനം ചെയ്തു. "അവസാനം ഞങ്ങൾ നിന്നെ കണ്ടെത്തി. എന്റെ പിതാവിനു നിന്നെ കണ്ടേ മതിയാവൂ. ഡൽഹിയിലെ ഞങ്ങളുടെ സ്ഥാനപതി റാസ് ഇമ്രു അക്കാര്യം നിന്നോടു സംസാരിക്കും. ഇപ്പോൾ എനിക്ക് ദ്വീപിലേക്കു പോകണം. പിതാവ് നിന്നെ കാത്തിരിക്കും. ഞാൻ നിന്നെ കണ്ടുവെന്നു പിതാവിനോടു പറയാം." രാജകുമാരൻ ബോട്ടിൽ കയറി. സമ്പർക്കം പുലർത്താനെങ്കിലും കഴിഞ്ഞതിൽ ഞാൻ സന്തുഷ്ടനായി.

അന്നത്തെ സായാഹ്നത്തിൽ ഔപചാരികമായ സമ്പർക്കങ്ങൾ ആരംഭിച്ചു. ആദ്യ വ്യക്തി ഡൽഹിയിലെ എത്യോപ്യൻ അംബാസഡറായിരുന്നു. ചക്രവർത്തിയുടെ ഒരു കസിനും കവിയും എത്യോപ്യയിൽ ഒട്ടുക്കു ആദരിക്കപ്പെടുന്ന വ്യക്തിയുമായ റാസ് ഇമ്രു ഹെയ്ലി സെലാസി പ്രഭു. ചക്രവർത്തി എന്നെപ്പറ്റി തന്നോടു സംസാരിച്ചുവെന്നും ഇന്ത്യയിൽ എത്തുന്നതിനു മുമ്പുതന്നെ അദ്ദേഹം എന്നെപ്പറ്റി ധാരാളം കേട്ടിട്ടുണ്ടെന്നും പ്രഭു പറഞ്ഞു. എത്യോപ്യയിലേക്കു പോകാൻ എന്നെ പ്രേരിപ്പിക്കാനാണു ചക്രവർത്തി അദ്ദേഹത്തോട് ആവശ്യപ്പെട്ടത്. ഇന്ത്യയിൽ മതപരമായ പ്രവർത്തനങ്ങളിൽ ഞാൻ ഗാഢമായി മുഴുകിയിരിക്കുകയാണെന്നും കുറച്ചുകാലംകൂടി ആ രീതിയിൽ ഇവിടെത്തന്നെ തുടരാനാഗ്രഹമുണ്ടെന്നും ഞാൻ സവിനയം അറിയിച്ചു. റാസ് ഇമ്രു പില്ക്കാലത്ത് എന്റെയൊരു ഉറ്റമിത്രമായിത്തീർന്നു. ആഡിസ്അബാബയിലും ന്യൂഡൽഹിയിലും വച്ച് ഞങ്ങൾ പിൻവർഷങ്ങളിൽ മിക്കപ്പോഴും കണ്ടുമുട്ടി.

അടുത്ത സമ്പർക്കം പിറ്റേന്നു രാവിലെ ഉണ്ടായി. എത്യോപ്യൻ സംഘത്തിന് ഇന്ത്യയിൽ ആതിഥ്യം വഹിക്കുന്ന മന്ത്രിയെ ചെന്നുകാണുവാൻ ഇന്ത്യാ ഗവൺമെന്റ് ഔദ്യോഗികമായി എന്നോടാവശ്യപ്പെട്ടു. കേണൽ ജെ. കെ. ഭോൺസ്ലേ ആയിരുന്നു മന്ത്രി. 1942-ൽ ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി സുഭാഷ് ചന്ദ്രബോസിന്റെ വോളണ്ടിയർ ആർമിയിൽ പോരാടി എന്നതായിരുന്നു അദ്ദേഹത്തിന്റെ യോഗ്യത. എറണാകുളത്തെ ഗവൺമെൻറ് ഗസ്റ്റ് ഹൗസിൽവച്ചാണ് ഞാൻ ഭോൺസ്ലേയെ കണ്ടത്. ലളിതമായ ഖാദിമുണ്ടും ജുബ്ബായുമായിരുന്നു എന്റെ വേഷം.

അദ്ദേഹം എന്നെ മേൽകീഴ് നോക്കി, ഏതാണ്ടൊരു പരിഹാസഭാവത്തോടെ.

"അപ്പോൾ നിങ്ങളാണ് ആ വ്യക്തി. ഞാൻ കാര്യങ്ങൾ വിശദമാക്കട്ടെ. ഇന്ത്യാ ഗവൺമെന്റ് എപ്പോഴും തന്നെ പ്രശസ്താതിഥികളെ സന്തുഷ്ടരാക്കാനാണു നോക്കുന്നത്. ഇപ്പോഴത്തെ അതിഥിയാകട്ടെ ആവശ്യപ്പെട്ടിരിക്കുന്ന കാര്യം ഗവൺമെന്റ് അധികാരത്തിൽപ്പെട്ടതല്ല. നമ്മുടെ ഒരു പൗരനെയാണു അദ്ദേഹത്തിന് ആവശ്യം. പ്രധാനമന്ത്രി നെഹ്റുവിനും ഇന്ത്യാ ഗവൺമെന്റിനും വേണ്ടി ഞാൻ താങ്കളോട് അഭ്യർത്ഥിക്കുന്നത് ചക്രവർത്തിയുടെ നിർദ്ദേശം സ്വീകരിച്ച് എത്യോപ്യയിൽ ചക്രവർത്തിയുടെ സ്വന്തം സ്റ്റാഫിൽ ഉദ്യോഗം സ്വീകരിക്കണമെന്നാണ്. നിങ്ങളുടെ ശമ്പളം തുടങ്ങിയ കരാർ വ്യവസ്ഥകൾ ആവശ്യപ്പെടാം. നിങ്ങൾ ആവശ്യപ്പെടുന്നതെന്തും നൽകാൻ ചക്രവർത്തി സന്നദ്ധനാണ്. അഭിനന്ദനങ്ങൾ."

അദ്ദേഹത്തിന്റെ കണ്ണുകളിലും സ്വരത്തിലും നിന്ദാഭാവം പ്രകടമായിരുന്നു. ഒരു സാധാരണക്കാരന് ഇത്രയും ആലോചനാശൂന്യമായ ഒരു ഉദ്യോഗദാനം നടത്താൻ ആഗ്രഹിക്കുന്ന ചക്രവർത്തി ഒരു മടയനായിരിക്കണം? ഈദൃശ ചിന്തകളാവണം അദ്ദേഹത്തിന്റെ മനസ്സിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്നത്.

ഞാൻ മറുപടി പറഞ്ഞു. "സർ, ചക്രവർത്തിയുടെ ഉദ്യോഗവാഗ്ദാനത്തിൽ ഞാൻ അതീവധന്യനാണ്. ഈ വിവരം എന്നെ അറിയിച്ചതിന് ഇന്ത്യാ ഗവൺമെന്റിനോട് എനിക്കു നന്ദിയുണ്ട്. ഈ ഉദ്യോഗം സ്വീകരിക്കാൻ കഴിയാത്തതിൽ ഞാൻ ഖേദിക്കുന്നു. ക്രിസ്തീയ സഭയുടെ ഒരു സാധാരണ പ്രവർത്തകൻ മാത്രമാണു ഞാൻ. എനിക്കു പ്രതിമാസം 75 രൂപ ശമ്പളമായി കിട്ടുന്നുണ്ട്. ഈ ശമ്പളവും ജോലിയും എനിക്ക് സന്തുഷ്ടി നൽകുന്നു. ഇപ്പോഴത്തെ ജോലിയിൽ തുടരാനാണ് ഞാൻ ആഗ്രഹിക്കുന്നത്."


"എന്ത്? അസാധാരണമായ ഒരു ഉദ്യോഗാവസരമാണു നിങ്ങൾ നിരാകരിക്കുന്നതെന്ന് ഓർമയുണ്ടോ? നിങ്ങൾക്കു വാഗ്ദാനം ചെയ്തിരിക്കുന്നത് എന്താണെന്നു മനസ്സിലായോ?"

"അറിയാമെന്നു വിശ്വസിക്കുന്നു, സർ. പക്ഷേ എന്റെ ജീവിതവിളി കൊട്ടാരങ്ങളിൽ പണിയെടുക്കാനല്ല. ഇന്നു ചെയ്യുന്നതുപോലെ സാധാരണക്കാരെ സേവിക്കുകയാണ്."

ഭോൺസ്ലേ പറഞ്ഞു. "നിങ്ങൾ ഒരു അസാധാരണ മനുഷ്യൻ തന്നെ. നിങ്ങളെപ്പോലുള്ള വ്യക്തികളെയാണു പ്രധാനമന്ത്രി നെഹ്റു ഇപ്പോൾ തേടിക്കൊണ്ടിരിക്കുന്നത്."

അദ്ദേഹം ഒന്നു നിർത്തി. ഇനി എന്താണാവോ പറയാൻ പോകുന്നത്, എന്നു ഞാൻ വിസ്മയിച്ചു. അദ്ദേഹം തുടർന്നു:

"നമ്മുടെ രാഷ്ട്രത്തിൽ കുറച്ചൊരു ശിക്ഷണം വരുത്തുന്നതിന് പ്രധാനമന്ത്രി



നെഹ്റു ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. രാജ്യത്തെ ഹൈസ്കൂളുകളിൽ ഇത് ആരംഭിക്കാനാണ് ഉദ്ദേശ്യം. 'ദേശീയ ശിക്ഷണ പദ്ധതി'യെന്നാണ് പേര്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനുമുമ്പ് ഓരോ ഹൈസ്കൂൾ വിദ്യാർത്ഥിയും ഒരു നിശ്ചിത കാലഘട്ടം നമ്മുടെ ഗ്രാമങ്ങളിൽ സേവനമനുഷ്ഠിച്ചിരിക്കണം എന്നതാണ് അതിന്റെ കാതൽ. ഈ ദേശീയ പരിപാടിയുടെ ചുമതല വഹിക്കാൻ സ്വഭാവശുദ്ധിയുള്ള ഒരാളെ പ്രധാനമന്ത്രി അന്വേഷിക്കുന്നു. നിങ്ങളെപ്പോലെ ഒരാളെ കണ്ടുപിടിക്കാൻ അദ്ദേഹം എന്നെ ഭരമേല്പിച്ചിരിക്കുന്നു. ഡൽഹിയിലേക്കു വരൂ. താങ്കൾ ഈ ജോലി ഏറ്റെടുക്കണം."

പരിഹാസച്ചുവ മാറി, അദ്ദേഹം മറച്ചുപിടിക്കാത്ത ആദരവു കാണിക്കാൻ തയ്യാറായി. നല്ലൊരു അവസരവാദിയായിട്ടാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഐ. എൻ. എ. യിലെ ജോലി, പരമാവധി പറഞ്ഞാൽ, സന്ദിഗ്ധ സ്വഭാവമുള്ളതാണ്. സംഭാഷണത്തിനിടയിലും അദ്ദേഹത്തെപ്പറ്റി വലിയ മതിപ്പുളവാക്കുന്നയാതൊന്നും നടന്നില്ല. ഈ അഭിമുഖീകരണങ്ങളിലെല്ലാം ദൈവകൃപ എന്നെ നയിക്കുമെന്നു ഞാൻ ഉറച്ചു വിശ്വസിച്ചു. മറുപടി പറയാനുള്ള പദങ്ങൾ എന്റെ അധരങ്ങളിൽ ഒഴുകിയെത്തി.

"നന്ദി, സർ. അങ്ങു പ്രദർശിപ്പിച്ച വിശ്വാസത്തിന് ഞാൻ കൃതജ്ഞനാണ്. ഈ ഉദ്യോഗവാഗ്ദാനത്തിന് ഇന്ത്യാ ഗവൺമെന്റിനോടും എന്റെ നന്ദി. പക്ഷേ ഈ ജോലി ഒട്ടേറെ സംഘാടകവിരുത് ആവശ്യപ്പെടുന്നതാണ്. അതെനിക്കില്ല. ജനങ്ങളോടു നേരിട്ട് ഇടപെട്ടു പ്രവർത്തിക്കാനാണു ഞാൻ ശീലിച്ചിട്ടുള്ളത്."

"ഹൈസ്കൂളുകളിലെ യുവജനങ്ങളുമായി നേരിട്ടിടപെടാൻ താങ്കൾക്ക് ധാരാളം അവസരം കിട്ടും. സംഘടനാകാര്യങ്ങൾ സംബന്ധിച്ചാണെങ്കിൽ ഗവൺമെന്റിന് സ്വന്തമായി ആ മണ്ഡലത്തിൽ ആവശ്യമായ ഘടനാ സംവിധാനമുണ്ട്. അതിനെപ്പറ്റി വിഷമിക്കേണ്ട. പ്രചോദനപ്രദമായ നേതൃത്വം നല്കിയാൽ മതി. മൂന്നുനാലു ദിവസത്തിനകം ഞാൻ ഡൽഹിക്കു മടങ്ങും. അവിടെ വന്ന് എന്നെ കാണുക."

"നന്ദി സാർ, എന്നെ ദൈവം വിളിക്കുന്നത് ആ പ്രത്യേക ജോലിക്കാണെന്ന് എനിക്കു തോന്നുന്നില്ല. ഞാൻ ഇന്നത്തെ ജോലിയിൽ തുടർന്നോളാം, അതിൽ ഞാൻ സന്തുഷ്ടനാണ് താനും."

ഭോൺസ്ലേയുടെ ഭാവം സൗഹൃദമായി മാറി. എന്നെപ്പറ്റി പല കാര്യങ്ങളും അദ്ദേഹം ചോദിച്ചറിഞ്ഞു. അടുത്തമുറിയിലുണ്ടായിരുന്ന ഭാര്യയെ അദ്ദേഹം വിളിച്ചു. അവരെ കണ്ടിട്ട് പച്ചപ്പരിഷ്ക്കാരിയായ ഒരു കുഴഞ്ഞാട്ടക്കാരിയെപ്പോലെ തോന്നി. സിംഗപ്പൂരിൽ വച്ചു കണ്ടു വിവാഹം ചെയ്ത ഒരു യുവതി. അദ്ദേഹം എന്നെ പരിചയപ്പെടുത്തി: "നോക്കൂ, ഈ യുവാവ് ചക്രവർത്തിയുടെ ഉദ്യോഗ വാഗ്ദാനം നിരാകരിച്ചു. പ്രധാനമന്ത്രിക്കുവേണ്ടി ദേശീയ ശിക്ഷണപദ്ധതിയിൽ ഞാൻ നല്കിയ ഉദ്യോഗവാഗ്ദാനവും തള്ളിക്കളഞ്ഞു. ഒരു അസാധാരണ മനുഷ്യൻ തന്നെ!" ഞങ്ങൾ കുറേനേരം കൂടി സംസാരിച്ചിരുന്നു. അതു കഴിഞ്ഞതോടെ എനിക്കാശ്വാസമായി. അടുത്ത തവണ ഡൽഹിയിലെത്തുമ്പോൾ തന്നെ കാണണമെന്നു ഭോൺസ്ലേ പ്രത്യേകം പറഞ്ഞു. അങ്ങനെയാകട്ടെയെന്നു ഞാൻ സമ്മതിച്ചു. ചക്രവർത്തിയുടെ പര്യടനവേളയിൽ പലയിടത്തുവച്ചും മിസ്സിസ്സ് ഭോൺസ്ലേയോടു ഞാൻ സംഭാഷിക്കേണ്ടിവന്നു. അവരുടെ കുഴഞ്ഞാട്ടത്തിൽ എനിക്കു ഭയമായിരുന്നു. ഡൽഹിയിൽ ചെല്ലുമ്പോൾ അവരെ സന്ദർശിക്കണമെന്ന് ആ സ്ത്രീയും ക്ഷണിച്ചു. വളരെ മര്യാദയ്ക്കു ഞാൻ അങ്ങനെയാകട്ടെയെന്ന് സമ്മതംമൂളി. പക്ഷേ വിവേകപൂർവം ഞാൻ പിന്തിരിഞ്ഞു.

അന്തിമ നീക്കം

ഞാനിതുവരെ ചക്രവർത്തിയെ നേരിട്ടു കണ്ടിരുന്നില്ല. സന്ദർശനത്തിന് അനുമതി തേടിയുമില്ല. അടുത്ത ദിവസം കോതമംഗലത്തു ഞങ്ങളുടെ സഭവക എൻജിനിയറിംഗ് കോളജിൽ വച്ച് ചക്രവർത്തിക്ക് ഒരു ഗംഭീരപൗരസ്വീകരണം നല്കുന്നുണ്ടായിരുന്നു. എന്നെയും ക്ഷണിച്ചിരുന്നു. വമ്പിച്ച സദസ്സിന്റെ ആദ്യനിരയിൽ ഞാൻ ഉപവിഷ്ടനായി. പലതവണ ചക്രവർത്തിയുടെ ശ്രദ്ധയിൽപ്പെടാൻ ശ്രമിച്ചു. മനസ്സിലാക്കിയതായി ഒരു പുഞ്ചിരിയെങ്കിലും ഞാൻ പ്രതീക്ഷിച്ചു. വേദിയിലിരുന്ന് അദ്ദേഹം എന്നെ കണ്ടു. പുഞ്ചിരിക്കു പകരം അദ്ദേഹം ഉഗ്രമായി എന്നെ നോക്കി. കുപിതനാണെന്നു വ്യക്തം. ഞാൻ വിഷണ്ണനായി. ഞാൻ ചക്രവർത്തിയെ ഗാഢമായി ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു.

പിറ്റേദിവസം ചക്രവർത്തി കോട്ടയത്ത് എന്റെ സഭയുടെ പരമാദ്ധ്യക്ഷനെ സന്ദർശിക്കുന്നുണ്ടായിരുന്നു. ചക്രവർത്തിയുടെ സഭയായ എത്യോപ്യൻ ഓർത്തഡോക്സ് സഭയും എന്റെ സഭയായ ഇന്ത്യൻ ഓർത്തഡോക്സ് സഭയും പരസ്പരം കുർബാനാ സംസർഗത്തിലാണ്. ഓർത്തഡോക്സ് സഭാകുടുംബപാരമ്പര്യത്തിൽപ്പെട്ട സഭകളിൽ "ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ" എന്നൊരു കുടുംബവും ബൈസന്റയിൻ (പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ) എന്നൊരു കുടുംബവും ഇങ്ങനെ രണ്ടു വിഭാഗങ്ങളാണുള്ളത്. ഈജിപ്ഷ്യൻ (കോപ്റ്റിക്), സിറിയൻ, അർമേനിയൻ, ഇന്ത്യൻ, എത്യോപ്യൻ എന്നീ അഞ്ചു സഭകളാണ് ഓറിയന്റൽ ഓർത്തഡോക്സ് വിഭാഗത്തിൽ. ഗ്രീസ്, റഷ്യ, കോൺസ്റ്റാന്റിനോപ്പിൾ, ബൾഗേറിയ, റൊമേനിയ, സേർബിയ തുടങ്ങിയ ഇരുപതോളം ഓർത്തഡോക്സ് സഭകളാണ് ബൈസന്റയിൻ കുടുംബത്തിലുള്ളത്. കൽക്കദൂൻ സുന്നഹദോസിനെ (451 എ. ഡി.) തുടർന്ന് ക്രിസ്തുശാസ്ത്രം സംബന്ധിച്ച് അഞ്ചു ആറും നൂറ്റാണ്ടുകളിൽ ഉണ്ടായ വിവാദങ്ങളുടെ ഫലമായി ഈ രണ്ടു കുടുംബങ്ങളും ഭിന്നിച്ചു മാറി നില്ക്കുകയാണ്.

ഇന്ത്യൻ സഭയുടെ തലവനും പൗരസ്ത്യ കാതോലിക്കായുമായ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്ക് തൊണ്ണൂറു വയസ്സു കഴിഞ്ഞു. പ്രതാപശാലിയായ ഒരു വിശുദ്ധൻ. സർവാദരണീയനായ ഈ സഭാദ്ധ്യക്ഷനെ ഒരിക്കൽ പ്രധാനമന്ത്രി നെഹ്റുവും മറ്റു നേതാക്കളും സന്ദർശിച്ചിരുന്നു. എനിക്ക് അദ്ദേഹത്തെ നന്നായി അടുത്തറിയാമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ പ്രത്യേക പരിഗണനയ്ക്കു പാത്രമായവരിൽ ഒരാളായിരുന്നു. കാതോലിക്കാബാവായ്ക്ക് ഇംഗ്ലീഷ് ഒഴുക്കിൽ സംസാരിക്കാൻ കഴിയാത്തതിനാൽ സംഭാഷണം പരിഭാഷപ്പെടുത്താൻ എന്നെ നിയോഗിച്ചു. എനിക്കാണെങ്കിൽ മലയാളത്തിൽ നിന്നു അംഹാരിക്കിലേക്കും മറിച്ചും പരിഭാഷപ്പെടുത്താൻ കഴിയുകയും ചെയ്യും.

വയോധികനായ ബാവാ, ചക്രവർത്തിയെ സ്വീകരിക്കാൻ ദേവലോകത്തുള്ള അരമനയുടെ മുൻവാതിൽക്കലോളം ചെന്നു. ഞാനും മറ്റുള്ളവരും കൂടെയുണ്ട്. സ്വാഗതത്തിന്റെ ഔപചാരികതകൾ കഴിഞ്ഞയുടൻ രണ്ടു ശെമ്മാശന്മാരുടെ സഹായത്തോടെ ബാവാ സ്വീകരണ മുറിയിലേക്കു നടന്നു. അവിടെ

യാണ് ചക്രവർത്തിയുമായി സംഭാഷണം നടക്കുന്നത്. ചക്രവർത്തിയെ സ്വീക രണമുറിയിലേക്കു നയിച്ചുകൊണ്ടു ഞാൻ പിറകെ ചെന്നു. ചക്രവർത്തി എന്റെ നേർക്ക് ഒന്നു പുഞ്ചിരിച്ചതുപോലുമില്ല. അദ്ദേഹം അംഹാരിക്കിൽ സംസാരി ക്കാൻ തുടങ്ങി.

“ഞാൻ ജീവിതത്തിൽ കണ്ടിട്ടുളളവരിൽ ഏറ്റവും ദുഷ്ടനാണു നീ.” ആ സ്വരത്തിലെ പകയും വിദ്വേഷവും പ്രകടമായിരുന്നു. ചക്രവർത്തിയുടെ വികാ രങ്ങളെ മുറിപ്പെടുത്താൻ ഞാൻ തീർച്ചയായും ആഗ്രഹിച്ചില്ല. അദ്ദേഹത്തോടെ നിക്ക് വലിയ ആദരവും ആത്മാർത്ഥമായ സ്നേഹവും ഉണ്ടായിരുന്നു. അധി കമൊന്നും ആലോചിക്കാതെ ഞാൻ പറഞ്ഞു.

“തിരുമേനീ, അതു ദുഷ്ടതയല്ല. ഞാൻ സഭയുടെ ഒരു ദാസനാണ് (മുമ്പിൽ നീങ്ങുന്ന കാതോലിക്കായെ ചൂണ്ടി). അദ്ദേഹമാണ് എന്റെ സഭയുടെ തല വൻ. അദ്ദേഹം പറയുന്നതെന്തും ഞാൻ ചെയ്യും.”

“നീ പറയുന്നതു ഞാൻ വിശ്വസിക്കുന്നില്ല” ചക്രവർത്തി പറഞ്ഞു. “അദ്ദേ ഹത്തിനെന്നല്ല, ദൈവം തമ്പുരാനു പോലും നിന്റെ നിർബന്ധബുദ്ധിയോ മർക്ക ടമുഷ്ടിയോ വളയ്ക്കാനാവില്ല.” അദ്ദേഹം രോഷാകുലനായിരുന്നു.

ചക്രവർത്തിയും കാതോലിക്കാബാവായും തമ്മിലുളള ഔപചാരിക സംഭാ ഷണം താമസിയാതെ ആരംഭിച്ചു. അതു പരിഭാഷപ്പെടുത്തുക ഒരാനന്ദമായി രുന്നു. കാതോലിക്കാബാവാ ഇങ്ങനെ തുടങ്ങി: “തിരുമേനീ, ഈ സമയത്ത് എന്റെ വികാരങ്ങൾ ജറുസലേം ദേവാലയത്തിൽ യേശുകുഞ്ഞിനെ സ്വാഗതം ചെയ്ത വൃദ്ധൻ ശിമയോന്റേതു തന്നെയാണ്. നമ്മുടെ സഭകളിലെ ഏക ചക്ര വർത്തിയെ എന്റെ കണ്ണുകൾ നേരിൽ കണ്ടിരിക്കുന്നതിനാൽ ഇപ്പോഴെനിക്കു സമാധാനത്തോടെ മരിക്കാം.”

“പരിശുദ്ധ പിതാവേ, അങ്ങയെപ്പോലൊരു പരിശുദ്ധന്റെ മുഖം ദർശിക്കു ന്നതിലധികമായ എന്തൊരു ആനന്ദമാണ് രാജ്യഭരണക്ലേശങ്ങളാൽ പരിക്ഷീ ണനായ ഒരു രാജാവിനു കിട്ടുവാനുളളത്?”

ഈ സംഭാഷണം ആ രണ്ടു മഹാവ്യക്തികളോടുമുളള എന്റെ ആദരവു വർദ്ധിപ്പിച്ചു. അവസാനം ചക്രവർത്തി പറഞ്ഞു: (അതും ഞാൻ പരിഭാഷപ്പെ ടുത്തേണ്ടിയിരുന്നു)


“ഈ ദുശ്ശാഠ്യക്കാരനായ (Stubborn) ചെറുപ്പക്കാരന്റെ കാര്യം എങ്ങനെയാ? അയാളെ എനിക്കു എത്യോപ്യയിൽ വേണം. അയാൾ വരാൻ വിസമ്മതിക്കു കയാണ്.”

കാതോലിക്കാബാവാ മറുപടി പറഞ്ഞു. “സ്വന്തം ഹിതത്തിനെതിരായി അയാളെ പ്രേരിപ്പിച്ചു പിന്തിരിപ്പിക്കാൻ ഒരു മനുഷ്യനെക്കൊണ്ടും സാധിക്കി ല്ല, തിരുമേനീ. ഒരു കാര്യം വ്യക്തം. നന്മ മുൻനിർത്തിയുളളതും ശരിയുമായ കാര്യങ്ങളേ അയാൾ പ്രവർത്തിക്കൂ.”

ബാവായുടെ മറുപടി എന്നെ സന്തുഷ്ടനാക്കി. എന്റെ മേൽ സ്വന്തം അധി കാരം അടിച്ചേല്പിച്ചോ ചക്രവർത്തി പറയുന്നതനുസരിച്ചു പ്രവർത്തിക്കാൻ എന്നോടാവശ്യപ്പെട്ടോ സ്വന്തം അധികാരം പ്രകടിപ്പിക്കാനൊന്നും ബാവാതിരു മേനി ഉദ്യമിച്ചില്ല. അദ്ദേഹത്തിന്റെ മറുപടി വളരെ സൂക്ഷിച്ചും കരുതലോടെ യുമായിരുന്നു. അദ്ദേഹം എന്റെ സ്വാതന്ത്ര്യത്തെ നിലനിറുത്തി. കാര്യം അട ച്ചിടാതെ തുറന്നിടുകയും ചെയ്തു. ഡൽഹിയിലെ മേൽ വിലാസം എനിക്കു നല്കാൻ അംഗരക്ഷകരോട് ചക്രവർത്തി നിർദ്ദേശിച്ചു. അദ്ദേഹം പിറ്റേന്നു ഡൽഹിയിലേക്കു മടങ്ങുകയാണ്. ചക്രവർത്തി എന്നിൽ നിന്ന് ഒരു മറുപടി പ്രതീക്ഷിക്കുന്നുവെന്നു പ്രകടം.

ചക്രവർത്തി വിടപറഞ്ഞുപോയതിനുശേഷം കാതോലിക്കാബാവാ എന്നെ അടുക്കലേക്കു വിളിച്ച് ഇപ്രകാരം പറഞ്ഞു: (പല തിരുമേനിമാരും സഭയിലെ ഏതാനും നേതാക്കന്മാരും സന്നിഹിതരായിരുന്നു) “എല്ലാവർക്കും പോൾ വർഗീ സിനെ വേണം. എനിക്ക് അയാളെ നമ്മുടെ സഭയിൽ വേണ്ടിയിരിക്കുന്നു. ചക്ര വർത്തിക്ക് അയാളെ അങ്ങേരുടെ രാജ്യത്തു വേണം. പക്ഷേ പോൾ വർഗീസ് ഒരാൾ മാത്രമേയുളളു. താൻ എത്യോപ്യയിൽ പോയി ചക്രവർത്തിയോടൊപ്പം പ്രവർത്തിക്കുന്നത് നമ്മുടെ സഭയ്ക്കു നല്ലതാണ്. അദ്ദേഹം നമ്മുടെ ചക്ര വർത്തിയാണ്. അവിടെയിരുന്നുകൊണ്ട് നമ്മുടെ സഭയെ വളരെയേറെ സഹാ യിക്കാൻ തനിക്കു കഴിയും. എന്നാൽ താൻ ഇവിടെ താമസിച്ചു ജോലി തുടരു ന്നതും നല്ല കാര്യം തന്നെ. താൻ എന്തു ചെയ്യണമെന്നു പറയാൻ എനിക്കറി വില്ല. താൻ വീട്ടിൽ പോയി തീക്ഷ്ണതയോടെ പ്രാർത്ഥിക്കുക. വീണ്ടും പ്രാർത്ഥനയിലൂടെ തന്നെ ഒരു തീരുമാനമെടുക്കുക.”

അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചു ഞാൻ യാത്രപറഞ്ഞു. അരമനയ്ക്കു



പുറത്തുകടന്ന് ഏതാനും വാര ഞാൻ മുമ്പോട്ടു നടന്നപ്പോൾ ഒരു ശെമ്മാശൻ ഓടി വന്ന് ബാവാ വിളിക്കു ന്നെന്നു പറഞ്ഞു. ഞാൻ അകത്തു കടന്നപ്പോൾ ബാവാ മറ്റുളള വരെയെല്ലാം പറഞ്ഞ യച്ച ശേഷം എന്നോട് മുമ്പിൽകിടന്ന പായ യിൽ ഇരിക്കാൻ ആവ ശ്യപ്പെട്ടു. വളരെ വാത്സ ല്യത്തോടെ അദ്ദേഹം കുറെനേരം എന്നോടു സംസാരിച്ചു. ശരിയായ തീരുമാനം ചെയ്യുക വളരെ പ്രയാസമാ ണെന്ന് അദ്ദേഹം ചൂണ്ടി ക്കാട്ടി. മറ്റുളളവരുടെ മുമ്പിൽ വച്ച് എന്നെപ്പറ്റി പറഞ്ഞതു വളരെ വാസ്തവം തന്നെയാ ണെന്ന് ബാവാ പറ ഞ്ഞു. എന്റെ ആത്മീയ വേല അസാധാരണമായ രീതിയിൽ അനുഗ്രഹപ്രദമാക്കാൻ ദൈവം പ്രസാദി ച്ചുവെന്നും ആ പശ്ചാത്തലത്തിൽ എന്റെ സാന്നിദ്ധ്യം സഭയുടെ പ്രവർത്തന ത്തിന് ആവശ്യമാണെന്നും ബാവാ അഭിപ്രായപ്പെട്ടു. അതേസമയം എത്യോ പ്യയിൽപോയി ചക്രവർത്തിയുടെ പ്രൈവറ്റ് സ്റ്റാഫിൽ പ്രവർത്തിക്കുന്നത് എനിക്കും നമ്മുടെ സഭയ്ക്കും തുല്യനിലയിൽ പ്രയോജനപ്രദമാണെന്നും അദ്ദേ ഹം കാണുന്നുണ്ട്. അതു നമ്മുടെ സഭയ്ക്കു വലിയ ബഹുമതിയായിരിക്കും. എന്നിലൂടെ ചക്രവർത്തി നമ്മുടെ സഭയെ സഹായിക്കാൻ മുഖാന്തരമാവുകയും ചെയ്യും.

ഞാൻ പ്രാർത്ഥിക്കണമെന്നും പ്രാർത്ഥനയുടെ പശ്ചാത്തലത്തിൽ ഒരു തീരു മാനത്തിലെത്തണമെന്നും ബാവാ ആവർത്തിച്ചു പറഞ്ഞു. ഞാൻ ശരിയായ തീരുമാനമെടുക്കാൻ സഹായകമായി ബാവായും പ്രാർത്ഥിക്കാമെന്ന് എനിക്ക് ഉറപ്പുനല്കി. പ്രാർത്ഥനയിൽ എന്റെ പ്രത്യേകഹിതം ദൈവത്തിന്മേൽ അടിച്ചേ ല്പിച്ചിട്ട് അത് പ്രാർത്ഥനയിൽ ലഭിച്ച ഉത്തരമാണെന്ന് വീമ്പിളക്കരുതെന്ന് ബാവാ താക്കീതുനല്കി. ഭക്തരായ രണ്ടു സുവിശേഷകന്മാർ മക്കളുടെ വിവാ ഹത്തെപ്പറ്റി ദൈവഹിതം തേടിയ കഥ ബാവാ എന്നോടു പറഞ്ഞു. അവരി ലൊരാളുടെ മകൻ അപരന്റെ മകളെ വിവാഹം ചെയ്യാനായിരുന്നു ആലോച ന. സുവിശേഷകരും ഉപദേശിമാരും സാധാരണ ചെയ്യാറുളളതുപോലെ ഇരു വരും ദീർഘമായി പ്രാർത്ഥിച്ചു. വധുവിന്റെ ഭവനത്തിൽ നിന്ന് ഒരു വലിയ തുക സ്ത്രീധനമായി കിട്ടണമെന്നു വരന്റെ പിതാവു പ്രാർത്ഥിച്ചു. അതേസമയം, സ്ത്രീധനത്തുക കഴിവതും കുറച്ചുകിട്ടണമെന്നായിരുന്നു വധു വിന്റെ പിതാവ് പ്രാർത്ഥിച്ചത്. എന്റെ ഹിതം നടന്നുകിട്ടാൻ ദൈവത്തെ ഹേമി ക്കരുതെന്ന് കാതോലിക്കാബാവാ ഒരിക്കൽകൂടി അനുസ്മരിപ്പിച്ചു.

അവിടെനിന്നു വിടവാങ്ങിയപ്പോൾ ഞാൻ ഗാഢമായി മനസ്സാ പ്രാർത്ഥിച്ചു. സ്വാർത്ഥചിന്തകളിൽ നിന്നു എന്നെ പൂർണമായും മുക്തനാക്കണമെന്നും, അവ്യാജമായും ആത്മാർത്ഥമായും ദൈവഹിതത്തിനു വിധേയനാകാൻ എന്നെ സഹായിക്കണമെന്നും ഞാൻ മനമുരുകി പ്രാർത്ഥിച്ചു. ചക്രവർത്തിയുടെ ആവശ്യം നിരാകരിച്ച നടപടിയെ ജനങ്ങൾ കൈയടിച്ച് അഭിനന്ദിച്ചുവെന്നത് എന്റെ തലക്കനം കൂട്ടാൻ ഒരുപക്ഷേ കാരണമാക്കിയിരിക്കാം. ഹൃദയത്തിന്റെ വഴികൾ ആർക്കറിയാം?

എങ്ങനെ മുമ്പോട്ടു നീങ്ങണമെന്നതു സംബന്ധിച്ച് ദൈവം എനിക്കൊരു ആശയം നല്കി. ആലുവാ ഫെലോഷിപ്പ് ഹൗസിലെ എന്റെ താമസസ്ഥല ത്തേക്കു ഞാൻ മടങ്ങി. എന്റെ സഭയിൽ അംഗങ്ങളായ മൂന്നു സുഹൃത്തു ക്കളെ ഞാൻ വിളിച്ചുകൂട്ടി. യൂണിയൻ ക്രിസ്ത്യൻ കോളജിലെ ഇംഗ്ലീഷ് ലക്ച

റർ റവ. ഡോ. കെ. സി. ജോസഫ്, ബോട്ടണി ലക്ചറർ പ്രൊഫ. ടി. സി. ജോസഫ്, ഫെലോഷിപ്പ് ഹൗസ് സെക്രട്ടറി എം. തൊമ്മൻ എന്നിവരെ ഞാൻ കഴിഞ്ഞ മൂന്നുനാലു ദിവസത്തെ സംഭവവികാസങ്ങൾ വിവരിച്ചു പറഞ്ഞുകേൾപ്പിച്ചു. എന്റെ സ്വന്തം ഇച്ഛാശക്തിയെ എനിക്കു വിശ്വസിക്കാനാവില്ലെന്നും ഞാൻ അവരെ ധരിപ്പിച്ചു. ഞാൻ എത്യോപ്യയിലേക്കു പോകണമോ വേണ്ടയോ എന്നതാണു പ്രശ്നം. അവർ മൂവരും ചേർന്നു പ്രാർത്ഥനയിൽ എടുക്കുന്ന ഏകകണ്ഠമായ ഏതു തീരുമാനവും അംഗീകരിക്കാൻ തയ്യാറാണെന്നു ഞാൻ അവരോടു പറഞ്ഞു. അവരുടെ സംയുക്ത തീരുമാനം എന്തുതന്നെയായാലും അതു ചോദ്യം ചെയ്യാതെ ദൈവഹിതമായി അംഗീകരിക്കാനും തദനുസരണം പ്രവർത്തിക്കാനും ഞാൻ സന്നദ്ധനാണെന്നും ഞാൻ അറിയിച്ചു.

ഒരു ഗ്രൂപ്പായി ഒന്നിച്ചു പ്രാർത്ഥിക്കുക ഞങ്ങളുടെ പതിവായിരുന്നു. ഈ സന്ദർഭത്തിലും ഞങ്ങൾ ഒന്നിച്ചു പ്രാർത്ഥിച്ചു–ദൈവഹിതം നിവർത്തിക്കപ്പെടണമേയെന്ന്. പെട്ടെന്ന് ഒരു തീരുമാനം എടുക്കാൻ സാധിക്കാത്തവണ്ണം അതീവ ഗുരുതരമാണു പ്രശ്നം. ഞങ്ങൾ 24 മണിക്കൂർ പ്രാർത്ഥനയിൽ ജാഗ്രതയോടെ കാത്തിരിക്കാനും അനന്തരം മൂന്നു പേരും ഒന്നിച്ചു ചേർന്ന് ഒരു തീരുമാനമെടുക്കാനും സമ്മതിച്ചു.

പിറ്റേദിവസം ഞങ്ങൾ നാലുപേരും വീണ്ടും ഒന്നിച്ചുകൂടി. മറ്റു മൂന്നു പേരും ചേർന്ന് ഒരു തീരുമാനമെടുത്ത് കഴിഞ്ഞിരുന്നു. ഏതു തീരുമാനവും അംഗീകരിക്കാൻ പറ്റിയ മാനസികാവസ്ഥയിലായിരുന്നു ഞാൻ. എന്റെ സഹപ്രവർത്തകനായ ശ്രീ. തൊമ്മനാണ് ഗ്രൂപ്പിന്റെ തീരുമാനം വെളിപ്പെടുത്തിയത്. അദ്ദേഹം പറഞ്ഞു: "വറീച്ചാ, താങ്കൾ കാരണം ദൈവം ഈ സ്ഥാപനത്തെ (ഫെലോഷിപ്പ് ഹൗസ്) അനുഗ്രഹിച്ചതെല്ലാം ഞങ്ങൾക്കു നന്നായി അറിയാം. ഇപ്പോൾ അനേകം പേർക്കു പ്രകാശം നല്കുന്ന ഒരു സ്ഥാപനമായി ഇത് വളർന്നിരിക്കുന്നു. താങ്കളുടെ അസാന്നിധ്യത്തിൽ അതിന്റെ വളർച്ച താഴോട്ടു പോകാനാണു സാധ്യത. താങ്കളെ കൂടാതെ ഇവിടത്തെ പ്രവർത്തനം തുടർന്നുകൊണ്ടുപോകാൻ ഞാൻ വിഷമിക്കും. ക്രിസ്തീയ സ്ഥാപനങ്ങളും വ്യക്തികളും, കേരളത്തിൽ മാത്രമല്ല, ഇന്ത്യയൊട്ടുക്കു ഒട്ടനേകം പേരും താങ്കളുടെ അസാധാരണ കഴിവുകളിൽ നിന്ന് വളരെയേറെ പ്രയോജനം പ്രാപിച്ചവരാണ്. താങ്കളുടെ സാന്നിദ്ധ്യം നമ്മുടെ സഭയ്ക്ക് ആവശ്യമുണ്ട്."

"പക്ഷേ കാര്യത്തിനു മറ്റൊരു വശമുണ്ടെന്നു ചൂണ്ടിക്കാണിക്കട്ടെ. ചക്രവർത്തിയുടെ ഉദ്യോഗവാഗ്ദാനം നിരാകരിക്കുകവഴി ഒരു കനകാവസരമാണു താങ്കൾ വീരോചിതം പരിത്യജിച്ചത്. ഇതെല്ലാവർക്കും പരക്കെ അറിവുള്ള കാര്യമാണ്. പത്രങ്ങളിലും ഇക്കാര്യം വന്നിരുന്നു. താങ്കൾ ഒരു ഡസൻ തവണയെങ്കിലും ഉദ്യോഗം നിരസിച്ചുവെന്നാണ് റിപ്പോർട്ട്. ഈ വലിയ ത്യാഗത്തെ എല്ലാവരും അഭിനന്ദിക്കുന്നു. താങ്കളുടെ ത്യാഗത്തെയും വിശ്വാസദാർഢ്യത്തെയും ഞങ്ങളും വിലമതിക്കുന്നു. ഈ പതിമൂന്നാം പ്രാവശ്യവും താങ്കൾ ചക്രവർത്തിയുടെ ഉദ്യോഗവാഗ്ദാനം നിരാകരിക്കുന്ന പക്ഷം, താങ്കൾ സ്വന്തം ത്യാഗത്തെപ്പറ്റി അതീവ ഗർവിഷ്ഠനായി തീർന്നേക്കാമെന്നും അതോടുകൂടി താങ്കളോടു കൂടിയുള്ള ജീവിതം വിഷമകരമായിത്തീരാൻ സാധ്യതയുണ്ടെന്നും ഞങ്ങൾക്ക് ആശങ്കയുണ്ട്. താങ്ക ളുടെതന്നെ ആത്മീയസുസ്ഥിതിയും ക്ഷേമവും വിനയവും പരിഗണിക്കുമ്പോൾ ചക്രവർത്തിയുടെ ഉദ്യോഗവാഗ്ദാനം താങ്കൾ സ്വീകരിക്കുന്നതാണ് ഉചിതമെന്നു ഞങ്ങൾക്കു തോന്നുന്നു. താങ്കൾ എത്യോപ്യയിലേക്കു പോകണം. ഇതാണു ഞങ്ങളുടെ ഏകകണ്ഠമായ തീരുമാനം."

ഈ വാദമുഖത്തിന്റെ ന്യായാന്യായങ്ങൾ ചോദ്യം ചെയ്യുക എന്റെ ജോലിയല്ല. ഞാൻ ദൈവതിരുമുമ്പാകെ അവർക്ക് എന്റെ വാക്കു കൊടുത്തിരുന്നു. അത് അനുസരിക്കുക മാത്രമാണ് എന്റെ കടമ. ശേഷമെല്ലാം ദൈവത്തിന്റെ കർത്തവ്യമാണ്. അതുകൊണ്ട് ഞാൻ തലനമിച്ച് അവരുടെ തീരുമാനം ശിരസ്സാവഹിച്ചു. അനന്തരം ഞങ്ങൾ ഒന്നിച്ചു കുറേനേരം പ്രാർത്ഥിച്ചു.

ചക്രവർത്തി ഇതിനകം കേരളം വിട്ടു ഡൽഹിയിൽ എത്തിച്ചേർന്നിരുന്നു. ഉദ്യോഗവാഗ്ദാനം സ്വീകരിച്ചുകൊണ്ടു ഞാൻ അദ്ദേഹത്തിനു കമ്പിയടിച്ചു. മൂന്നു ദിവസത്തിനുശേഷം കൽക്കട്ടയിലെത്തി ചക്രവർത്തിയെ വീണ്ടും കാണാൻ നിർദ്ദേശിച്ചുകൊണ്ട് പിറ്റേന്ന് എനിക്ക് മറുപടികമ്പി കിട്ടി. മൂന്നു ദിവസത്തിനുശേഷം ഞാൻ കൽക്കട്ടയിലെത്തി (ആലുവായിൽ നിന്നു മൂവായിരത്തോളം കിലോമീറ്റർ അകലെയാണ് ആ നഗരം) ചക്രവർത്തിയെ കണ്ടു. സന്ദർശനത്തിൽ അദ്ദേഹം സന്തുഷ്ടനായിരുന്നു.അദ്ദേഹം എനിക്ക് മൂന്ന് ആയിരം രൂപാ നോട്ടുകൾ തന്നു (ആ വിലയ്ക്കുള്ള ഇന്ത്യൻ നോട്ട് ഞാൻ ആദ്യം കാണുകയാണ്. അതിൽ പിന്നീടും കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല). ആവശ്യമുള്ള വസ്ത്രങ്ങളും മറ്റ് അനുസാരികളും വാങ്ങാനായിരുന്നു പണം. യാത്രയ്ക്കുള്ള വിമാനടിക്കറ്റ് യഥാസമയം കേരളത്തിലേക്കയച്ചേക്കാമെന്ന് അദ്ദേഹം പറഞ്ഞു.

രണ്ടു ദിവസംകൂടി ചക്രവർത്തിയുടെ സംഘത്തോടൊപ്പം അവിടെ താമസിക്കാനും അദ്ദേഹം എന്നോടു പറഞ്ഞുവെന്നാണെന്റെ ഓർമ. പിറ്റേദിവസം ചക്രവർത്തി കുതിരപ്പന്തയം കാണാൻ പോയി. ഞാൻ മാക്കോന്നൻ രാജകുമാരനെ അനുഗമിച്ചു. പന്തയത്തിൽ പങ്കെടുക്കുന്നതിൽ അദ്ദേഹത്തിനു കമ്പമായിരുന്നു. ഞാനും പന്തയം വയ്ക്കണമെന്നു രാജകുമാരൻ ശഠിച്ചു. അദ്ദേഹം പറഞ്ഞതാണല്ലോ എന്നു കരുതി ഞാൻ അഞ്ചുരൂപാ മുടക്കി പന്തയം വച്ചു. എനിക്ക് 22 രൂപ കിട്ടി. അതിനു മുമ്പോ പിമ്പോ ഞാൻ പന്തയത്തിൽ പങ്കെടുത്തിട്ടില്ല.

(തുടരും)



കോട്ടയം മെത്രാസനത്തിലെ തിരുവാർപ്പ് മർത്തശ്മൂനി പള്ളി പരിശുദ്ധ സഭയിലേക്ക് തിരികെ ചേർക്കപ്പെടുവാൻ അക്ഷീണം പരിശ്രമിച്ച അഡ്വ. എം. സി. സ്കറിയായെ ഡോ. യുഹാനോൻ മാർ ദിയസ്കോറോസ് പാമ്പാടി ദയറയിൽ വെച്ച് പൊന്നാട അണിയിച്ചു ആദരിച്ചപ്പോൾ. മർത്തശ്മൂനി പള്ളി ഇടവക ട്രസ്റ്റി, സെക്രട്ടറി എന്നിവർ സമീപം.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

ഐക്കണോഗ്രഫിയുടെ അർത്ഥതലങ്ങൾ

ഫാ. ഡോ. കെ. എം. ജോർജ്



ക്രിസ്തീയ ചിത്രകല എന്നൊന്നുണ്ടോ എന്ന് ന്യായമായും ചോദിക്കാം. രണ്ട് ഉത്തരങ്ങൾ നൽകാവുന്നതാണ്. ഒന്ന്: ബൈബിൾ കഥാപാത്രങ്ങൾ, ക്രിസ്തുവിന്റെ ജീവിതകഥ, ക്രിസ്തുവിനെപ്രതി ജീവിച്ചു മരിച്ച വിശുദ്ധ മനുഷ്യർ എന്നിവ അടിസ്ഥാനമാക്കി ചിത്രങ്ങൾ വരയ്ക്കുന്ന പാശ്ചാത്യശൈലിയാണ് ക്രിസ്തീയ ചിത്രകല എന്നു നാം പൊതുവെ അറിയുന്നത്. മൈക്കലാഞ്ചലോ, ദാവിഞ്ചി തുടങ്ങിയ പാശ്ചാത്യ നവോത്ഥാന ചിത്രകാരന്മാരുടെ ചിത്രങ്ങളാണ് ഈ വകുപ്പിൽ കൂടുതലും.

രണ്ട്: ക്രിസ്തീയ വേദശാസ്ത്രത്തിന്റെയും ദൈവജ്ഞാനതത്വങ്ങളുടെയും അടിസ്ഥാനത്തിൽ, നോമ്പ്, പ്രാർത്ഥന എന്നിവയോടുകൂടി പ്രത്യേകമായ ശൈലിയിൽ വരയ്ക്കുന്ന 'ഐക്കൺ' (Icon) കൃത്യമായ അർത്ഥത്തിൽ ക്രിസ്തീയ ചിത്രകലയാണ്. ബിസന്റൈൻ (Byzantine) പാരമ്പര്യത്തിൽ, അതായത് പൗരസ്ത്യ റോമാ സാമ്രാജ്യത്തിൽ കുസ്തന്തീനോസ് ചക്രവർത്തി ബിസാന്റിയം എന്ന സ്ഥലത്ത് സ്ഥാപിച്ച കുസ്തന്തീനോപോലീസ് (Constantinople) എന്ന സാമ്രാജ്യ തലസ്ഥാനം കേന്ദ്രമാക്കിയ ഗ്രീക്ക് ഓർത്തഡോക്സ് പാരമ്പര്യത്തിലാണ് ഐക്കണോഗ്രഫി വികാസം പ്രാപിച്ചത്. പിന്നീട് ഒമ്പതാം നൂറ്റാണ്ടിൽ പൗരസ്ത്യ യൂറോപ്പിലെ സ്ലാവിക് വംശജരുടെ ഇടയിൽ, അതായത് റഷ്യ, യുക്രയിൻ, ബൾഗേറിയ തുടങ്ങിയ പ്രദേശങ്ങളിൽ ഗ്രീക്ക് ഓർത്തഡോക്സ് സഭ സുവിശേഷം അറിയിക്കുകയും ആ പ്രദേശങ്ങളെല്ലാം പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിൽ വരികയും ചെയ്തപ്പോൾ ഗ്രീക്കുകാരുടെ ഐക്കണോഗ്രഫിയും അവിടെയെല്ലാം പ്രചരിച്ചു. അതുകൊണ്ട് മുൻപറഞ്ഞ എല്ലാ ഓർത്തഡോക്സ് ദേവാലയങ്ങളിലും പള്ളിയ്ക്കകത്ത് ഐക്കൺ ചിത്രങ്ങൾ നിർബന്ധമായും ആലേഖനം ചെയ്തു. ഇന്നും ആ പാരമ്പര്യം ശക്തമായി തുടരുന്നു.

ഈജിപ്തിലെ കോപ്റ്റിക് സഭ, സുറിയാനി സഭ തുടങ്ങിയ പുരാതന പൗരസ്ത്യ സഭകൾക്കും സ്വന്തമായി ഐക്കണോഗ്രഫി ഉണ്ടായിരുന്നു എങ്കിലും ഇസ്ലാമിന്റെ പ്രബലമായ ആധിപത്യത്തിൽ, പ്രത്യേകിച്ചും ഓട്ടോമാൻ സാമ്രാജ്യത്തിന്റെ കീഴിൽ ഏതാണ്ട് 19-ാം നൂറ്റാണ്ടുവരെയും അമർന്നു പോയതുകൊണ്ട് അവരുടെ ചിത്രകല വികാസം പ്രാപിച്ചില്ല. കാരണം വ്യക്തമാണല്ലോ. ഇസ്ലാമിൽ മുഹമ്മദ് നബിയുടെയോ മറ്റേതെങ്കിലും പുണ്യ വ്യക്തികളുടെയോ ഉൾപ്പെടെയുള്ള എല്ലാ മതചിത്രങ്ങളും സമ്പൂർണ്ണമായി നിരോധിക്കപ്പെട്ടിരിക്കുന്നു. അമൂർത്തമായ അലങ്കാരപണികൾ മാത്രമാണ് മോസ്ക്കുകളിലും മറ്റും അനുവദിക്കുന്നത്. എന്നാൽ എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ ഇസ്ലാമിന്റെയോ കൊളോണിയൽ ശക്തികളുടെയോ ആധിപത്യം കാര്യമായി ഉണ്ടാകാഞ്ഞതിനാൽ അവരുടെ ചിത്രകല തദ്ദേശീയ ആഫ്രിക്കൻ സ്വഭാവമുള്ള ഒന്നായി വികാസം പ്രാപിച്ചു.

ഇന്ത്യയിൽ സുറിയാനി പാരമ്പര്യത്തിലുള്ള പള്ളികളിൽ മതചിത്രങ്ങൾ വയ്ക്കുന്ന പതിവ് പോർച്ചുഗീസുകാരുടെ വരവു വരെ ഇല്ലായിരുന്നു എന്നു വേണം ചിന്തിക്കാൻ. ഇസ്ലാം ആധിപത്യത്തിൽ കഴിഞ്ഞ സുറിയാനിക്കാരിൽ നിന്ന് ലഭിച്ച ഒരു രീതിയായിരിക്കാം അത്. മറുവശത്ത് ഇന്ത്യയിൽ ബഹുദേവതകളുടെ ശില്പങ്ങളും വിഗ്രഹങ്ങളും ചിത്രാലേഖനങ്ങളും കൊണ്ട് ക്ഷേത്രങ്ങളെല്ലാം പരിപൂരിതമാണല്ലോ. ഒരുപക്ഷേ വിഗ്രഹാരാധന, ബഹുദൈവവിശ്വാസം എന്നിവയോടുള്ള വേദപുസ്തകപരമായ അകൽച്ചയും അതിന് കാരണമായിരുന്നിരിക്കാം (കൂടുതൽ ചരിത്രഗവേഷണം ആവശ്യമുള്ള മേഖലയാണിത്). എങ്കിലും ആകെത്തുകയിൽ പറഞ്ഞാൽ പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യം സവിശേഷമായ ചിത്രകലാശൈലികൾ രൂപപ്പെടുത്തിയിട്ടുണ്ട്. പതിനാറാം നൂറ്റാണ്ടിൽ ആരംഭിച്ച് കൊളോണിയൽ പ്രസ്ഥാനത്തിലൂടെ ലോകമാസകലം വ്യാപിച്ച പാശ്ചാത്യ ചിത്രകലയിൽ നിന്നുള്ള വ്യത്യാസങ്ങൾ പൊതുവായി സൂചിപ്പിക്കട്ടെ.

ഒന്ന്: പാശ്ചാത്യ നവോത്ഥാന ചിത്രകാരന്മാർ പിതാവായ ദൈവത്തെ വരയ്ക്കുമായിരുന്നു. അതായത് നീണ്ട നരച്ച താടിയും രാജകീയമായ മേലങ്കികളും മറ്റുമുള്ള ദൈവം. ഉദാഹരണമായി മൈക്കലാഞ്ചലോയുടെ 'ആദമിന്റെ സൃഷ്ടി' എന്ന സിസ്റ്റീൻ ചാപ്പലിലെ ചിത്രം. വൃദ്ധനെങ്കിലും ബലിഷ്ഠമായ കൈകളുള്ള ദൈവം. എന്നാൽ ഓർത്തഡോക്സ് ഐക്കണോഗ്രഫിയിൽ പിതാവായ ദൈവത്തെ ചിത്രീകരിക്കുന്നത് സമ്പൂർണ്ണമായി നിരോധിച്ചിരിക്കുന്നു. കാരണം ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല, ദൈവം ആത്മസ്വരൂപനാകുന്നു എന്ന വേദപുസ്തക പ്രമാണം. മനുഷ്യനേത്രങ്ങൾക്ക് ദൃശ്യമായ ദിവ്യകാര്യങ്ങൾ മാത്രമേ ഐക്കണോഗ്രഫിയിൽ വരയ്ക്കാൻ അവകാശമുള്ളു. ഉദാഹരണം, മനുഷ്യാവതാരം ചെയ്ത ക്രിസ്തു, പ്രാവിന്റെയും അഗ്നിയുടെ രൂപമെടുത്ത പരിശുദ്ധാത്മാവ്.

രണ്ട്: ത്രിമാനരൂപങ്ങൾ, അതായത് ലോകത്തിൽ നാം സാധാരണ കാണുന്ന കാഴ്ചകളുടെ പ്രതീതി ജനിപ്പിക്കുന്ന ചിത്രശൈലി, പൗരസ്ത്യ ക്രിസ്തീയ ചിത്രകലയിൽ അനുവദിച്ചിട്ടില്ല. നമ്മുടെ സാധാരണ കാഴ്ചയിൽ നിന്നു വ്യത്യസ്തമായിരിക്കാൻ വേണ്ടി ദിവ്യരൂപങ്ങളെ ദ്വിമാന തലത്തിൽ (two-dimensional) വരയ്ക്കാം.

മൂന്ന്: പാശ്ചാത്യ നവോത്ഥാന ചിത്രകാരന്മാർ മഹത്തായ രചനാ സങ്കേതമായി വികസിപ്പിച്ച 'കാഴ്ചപ്പാട്' (perspective) ഐക്കണോഗ്രഫിയിൽ ഉപയോഗിക്കുന്നില്ല. ഒരു കാരണം, മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ ആ കാഴ്ചപ്പാട്

ഉപയോഗിച്ച് മായാദൃശ്യം (optical illusion) ഉണ്ടാക്കാം. ആനയെ ആടാക്കാം. ആടിനെ ആനയാക്കാം. സ്ഥലകാലങ്ങൾ മൂലം ജീവിതയാഥാർത്ഥ്യത്തിലുണ്ടാകാവുന്ന വൈകല്യങ്ങളെ സൃഷ്ടിക്കുകയല്ല ഐക്കണോഗ്രഫിയുടെ ലക്ഷ്യം.

നാല്: പ്രത്യേക ഉദാഹരണങ്ങൾ പറഞ്ഞാൽ യേശുവിന്റെ മാതാവായ മറിയമിനെ ഒരിക്കലും ഒറ്റ വ്യക്തിയായി ചിത്രീകരിക്കാൻ പാടില്ല. തന്റെ കുഞ്ഞിനെ എടുത്തിരിക്കുന്ന, അല്ലെങ്കിൽ പുത്രനോടു ചേർന്നിരിക്കുന്ന അമ്മയെ മാത്രമേ ഐക്കണോഗ്രഫിയിൽ ചിത്രീകരിക്കാനാവൂ. കാരണം, തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെയാണ് അമ്മയായ മറിയവും രക്ഷയിലേക്കു കടക്കുന്നത്. അതുകൊണ്ട് ക്രിസ്തുവില്ലാതെ ക്രിസ്തുമാതാവില്ല. നസ്രായനായ യേശു മനുഷ്യാവതാരം ചെയ്ത ദൈവമാണ് എന്ന വേദശാസ്ത്ര ധാരണ മൂലം മറിയമിനെ ദൈവപ്രസവിത്രി (Theotokos), ദൈവമാതാവ് എന്നൊക്കെ വിളിക്കുന്നുണ്ടെങ്കിലും ഒരിക്കലും മറിയമിനെ ഒരു വിഗ്രഹരൂപമാക്കുന്നതിനോട് പൗരസ്ത്യ സഭകൾ ഒട്ടും യോജിക്കുന്നില്ല.

അഞ്ച്: ഗ്രീക്ക്, റഷ്യൻ തുടങ്ങിയ ബിസന്റൈൻ പാരമ്പര്യത്തിൽ പള്ളിയിൽ സ്ഥാപിച്ചിരിക്കുന്ന ഐക്കണുകൾ കൗദാശിക സ്വഭാവമുള്ളവയാണ് (Sacramental Character). അതായത് ശരിയായ ഐക്കൺ നിയമങ്ങൾ അനുസരിച്ച് വരയ്ക്കപ്പെട്ട ചിത്രങ്ങൾ ദിവ്യതേജസ്സിന്റെ സാന്നിധ്യവും പരിസ്ഫുരണവുമാണ് (presence and manifestation). വാങ്ങിപ്പോയ കന്യകമറിയാമിന്റെയോ വിശുദ്ധരുടെയോ വെറും ഓർമ്മയും അനുസ്മരണവും മാത്രമല്ല അത്. സാധാരണയായി നാം മരിച്ചുപോയവരുടെ ചിത്രങ്ങൾ വയ്ക്കുമ്പോൾ അത് അവരുടെ അസാന്നിദ്ധ്യത്തിന്റെ (absence) ഓർമ്മ ആണല്ലോ. ഐക്കൺ ചിത്രങ്ങളിൽ അസാന്നിദ്ധ്യമല്ല സാന്നിദ്ധ്യമാണ് ഉദ്ദേശിക്കപ്പെടുന്നത് (not the memory of absence but the experience of the presence).

ആറ്: ഏതെങ്കിലുമൊരു ചിത്രകാരന്റെ സ്വന്തം ഭാവനയ്ക്കനുസരിച്ച് സൃഷ്ടിക്കാവുന്നവയല്ല ഐക്കൺ ചിത്രങ്ങൾ. വളരെ കൃത്യമായ കാനോനുകളും, ശൈലീപരമായ ചട്ടങ്ങളും, ഉപയോഗിക്കുന്ന നിറങ്ങളുടെ പ്രതീകശേഷിയും എല്ലാം നല്ല ഐക്കണോഗ്രഫിയിൽ സമ്മേളിക്കും.

പാശ്ചാത്യ ചിത്രകലയുമായി പൗരസ്ത്യ ഐക്കണോഗ്രഫിക്കുള്ള ചില വ്യത്യാസങ്ങൾ മാത്രമാണ് മേൽ സൂചിപ്പിച്ചത്. ഐക്കൺ ചിത്രങ്ങൾ വിഗ്രഹാരാധനയ്ക്കു തുല്യമാണോ എന്നു ചോദിക്കുന്നവരുണ്ട്. ഇത് വിഗ്രഹാരാധന അല്ല എന്നു തന്നെയാണ് പാരമ്പര്യം ഉറപ്പിച്ചു പറയുന്നത്. ലോകത്തിലുള്ള എന്തിന്റെയെങ്കിലും സ്വരൂപമോ സാദൃശ്യമോ ഉണ്ടാക്കി വന്ദിക്കരുത് എന്ന് മോശയുടെ കല്പനയുണ്ട്. അതനുസരിച്ച് ഐക്കണുകൾക്ക് നൽകുന്നത് ആദരവാണ്, ആരാധനയല്ല. ഈ രണ്ടു കാര്യങ്ങൾക്ക് ഗ്രീക്കു ഭാഷയിൽ രണ്ടു വാക്കുകൾ തന്നെയുണ്ട്. Proskynesis എന്നു പറഞ്ഞാൽ ആദരവ്, വണക്കം, ബഹുമാനിക്കൽ എന്നൊക്കെ അർത്ഥം. Latreiea എന്നാൽ ആരാധന (Worship) എന്ന് അർത്ഥം. ഐക്കൺ ചിത്രങ്ങൾക്കു നൽകുന്നത് ആദരവാണ്; ദൈവത്തിനു മാത്രമാണ് ആരാധന അർപ്പിക്കുക. നാലാം നൂറ്റാണ്ടിൽ പണ്ഡിതനായ കൈസരിയയിലെ വിശുദ്ധ ബസേലിയോസ് പറഞ്ഞു, സൃഷ്ടിക്കപ്പെട്ട എന്തിനെങ്കിലും നാം കൊടുക്കുന്ന ആദരവ് അതിന്റെ സ്രഷ്ടാവായ ആദി മാതൃകയ്ക്ക് (Archetype) ഉള്ള ആദരവാണ്.

ഉല്പത്തി പുസ്തകത്തിൽ, മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടു എന്ന വാക്യത്തെ പ്രസിദ്ധമായ സെപ്റ്റ്വജിന്റ് ഗ്രീക്ക് തർജ്ജമയിൽ eikon എന്ന ഗ്രീക്ക് പദം ഉപയോഗിച്ചാണ് മൊഴിമാറ്റം നടത്തുന്നത്. ഇവിടെ മനുഷ്യൻ ദൈവത്തിന്റെ ഐക്കൺ ആണ്. അപ്പോൾ മുൻപറഞ്ഞ തത്വം അനുസരിച്ച് ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ ബഹുമാനിക്കുമ്പോൾ വാസ്തവത്തിൽ സ്രഷ്ടാവായ ദൈവത്തെയാണ് ബഹുമാനിക്കുന്നത്. ഇത് വളരെ അർത്ഥധ്വനികളുള്ള ഒരു സങ്കല്പമാണ്. ഇന്ത്യയിൽ നാം പരസ്പരം കൈ കൂപ്പി ആദരിക്കുമ്പോൾ വാസ്തവത്തിൽ അപരനിൽ നാം കാണുന്നത് ദൈവസാദൃശ്യമാണ്. ഇത് കുറച്ചുകൂടി വിപുലമായി വിസ്തരിച്ച് വ്യാഖ്യാനിച്ചാൽ, ദൈവത്തിന്റെ സ്നേഹമുദ്ര പതിഞ്ഞിരിക്കുന്ന എല്ലാ സൃഷ്ടിയെയും നാം ആദരിക്കുമ്പോൾ അവയ്ക്ക് സ്രഷ്ടാവും ആദിമാതൃകയുമായ ദൈവത്തിലേക്ക് തന്നെ ആ ആദരവ് സംവഹിക്കപ്പെടുന്നു. നമ്മുടെ സ്നേഹവും ആദരവും ഭക്തിയും കല്ലുകളിൽ കൊത്തിയ ത്രിമാനരൂപങ്ങളിലോ ചായങ്ങൾകൊണ്ടു തീർത്ത ദ്വിമാനരൂപങ്ങളിലോ ഒതുക്കരുത് എന്നു തന്നെയാണ് ഐക്കണോഗ്രഫിയുടെ അടിസ്ഥാന തത്വം. നിർഭാഗ്യവശാൽ പലപ്പോഴും ഈ തത്വം ലംഘിക്കപ്പെടുന്നുണ്ട്. ദൈവത്തിന്റെ പ്രതിരൂപമായ മനുഷ്യനെ അപമാനിക്കുകയും അതേസമയം ശിലയിലോ തടിയിലോ വർണ്ണങ്ങളിലോ നാം സൃഷ്ടിക്കുന്ന മനുഷ്യരൂപങ്ങളെ ആദരിക്കുകയും ചെയ്താൽ അത് ക്രിസ്തീയ പാരമ്പര്യത്തിന്റെ സമ്പൂർണ്ണ നിഷേധമാണ്.



16–ാം നൂറ്റാണ്ടിൽ പാശ്ചാത്യ കത്തോലിക്കാ സഭാനവീകരണ (Reformation) ഫലമായി പ്രൊട്ടസ്റ്റന്റ് സഭകൾ ഐക്കണോഗ്രഫിയെയും എല്ലാത്തരം മത ചിത്രകലയെയും നിരാകരിച്ചുപോന്നു. റോമൻ കത്തോലിക്കാ സഭയിൽ വ്യാപകമായിരുന്ന വിശുദ്ധരുടെ പ്രതിമകൾ (statues) വിഗ്രഹങ്ങളാണ് എന്നായിരുന്നു അവരുടെ ആരോപണം. ആ പാരമ്പര്യം ഇപ്പോഴും നവീകരണ സഭകളിൽ തുടരുന്നുണ്ട്. ഓർത്തഡോക്സ് സഭകളിലും പള്ളിയിൽ രൂപങ്ങൾ വയ്ക്കാറില്ല. എന്നാൽ 20–ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിലൂടെ പ്രമുഖ പാശ്ചാത്യ നവീകരണ സഭകൾ ഓർത്തഡോക്സ് ഐക്കണോഗ്രഫിയുടെ തത്വങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കയും അങ്ങനെ പല പ്രൊട്ടസ്റ്റന്റ് പള്ളികളിലും ഐക്കണുകൾ ഉപയോഗിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. മെഴുകുതിരിയോ കുരിശോ പോലും ഉപയോഗിക്കാത്ത തീവ്ര നവീകരണ വിഭാഗങ്ങളും ഇപ്പോൾ ഐക്കൺ ചിത്രങ്ങളോടു വലിയ ആഭിമുഖ്യം കാണിക്കുന്നുണ്ട്. നല്ല ഉദാഹരണമാണ് ജനീവയിലെ നവീകരണ നേതാവായിരുന്ന, അതികർശനക്കാരനായിരുന്ന ജോൺ കാൽവിന്റെ കത്തീഡ്രൽ. അവിടെ ഇപ്പോൾ ഐക്കണുകൾ സ്വീകാര്യമാണ്. കത്തോലിക്കാ സഭയെയും മാർപാപ്പായെയും നഖശിഖാന്തം എതിർക്കുകയും കുപ്പായമിട്ടുകൊണ്ട് ഏതെങ്കിലും കത്തോലിക്കാ വൈദികൻ ജനീവാ നഗരത്തിൽ നടന്നാൽ അയാളെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കാം എന്നു നിയമം ഉണ്ടാക്കുകയും ചെയ്ത ജോൺ കാൽവിന്റെ കസേര വളരെ ആദരവോടെ സൂക്ഷിച്ചിരിക്കുന്ന ജനീവാ കത്തീഡ്രലിൽ ഈയിടെ ഒരു റോമൻ കത്തോലിക്കാ കുർബാന നടത്തി. ഈ വിവരം കാൽവിൻ എങ്ങാനും അറിഞ്ഞെങ്കിൽ എന്തായിരിക്കാം പൂരം എന്നു നമുക്ക് വെറുതെ സങ്കല്പിക്കാം!! ചുരുക്കത്തിൽ ചിത്രകലയും മറ്റെല്ലാ കലയും അതിന്റെ ആവിഷ്ക്കാരശൈലികളിൽ മനുഷ്യന്റെ പല ധാരണകളോടും സങ്കല്പങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു എന്നു വ്യക്തം. കാലംകൊണ്ടു മാത്രമേ അവയിൽ പലതിന്റെയും സാംഗത്യമോ ആസാംഗത്യമോ വ്യക്തമാവുകയുള്ളൂ. ഈ ലേഖകന്റെ വ്യക്തിപരമായ അനുഭവത്തിൽ, 15–ാം നൂറ്റാണ്ടിൽ റഷ്യൻ ചിത്രകാരനായ ആന്ദ്രേ റൂബ്ലേവ് (Andrei Rublev) വരച്ച മഹത്തായ ഐക്കൺ ചിത്രം 'അബ്രഹാമിന്റെ അതിഥി സൽക്കാരം' (ഉല്പത്തി 18) കാണുകയും ദീർഘനാൾ അതിന്റെ വർണ്ണങ്ങളും വരകളും ധ്വനികളും ധ്യാനിക്കുകയും ചെയ്താൽ, പ്രശസ്തമെന്നു ലോകം പറയുന്ന പല പാശ്ചാത്യ നവോത്ഥാന മതചിത്രങ്ങളുടെയും തേജസ്സ് മങ്ങുന്നത് അറിയാം. ഇതും ഒരുപക്ഷേ വ്യക്തിപരമായ ഒരു ആഭിമുഖ്യമായി മാത്രം കരുതിയാൽ മതി. ❑

ലേഖനം

വി. ഗ്രന്ഥത്തിലൂടെ ഒരു തീർത്ഥാടനം



ഫീലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം രാജസ്ഥാൻ)

(4) ബാബേൽ ഗോപുരം

ഭൂമിയിൽ ഒരു ഭാഷയും ഏതാനും വാക്കുകളും മാത്രമേ ഉണ്ടായിരുന്നുള്ളു. മനുഷ്യർ കിഴക്കുനിന്നു മാറിപോയപ്പോൾ ശിനാർ ദേശത്തു ഒരു സമതലം കണ്ടു അവർ അവിടെ കുടിയേറിപ്പാർത്തു അവർ പരസ്പരം പറഞ്ഞു "വരുവിൻ നമുക്ക് മണ്ണ് ചുട്ട് ഇഷ്ടികകൾ ഉണ്ടാക്കാം." അവർ കല്ലിനു പകരം ഇഷ്ടികയും കുമ്മായത്തിനു പകരം കളിമണ്ണും ഉപയോഗിക്കുവാൻ തുടങ്ങി. എന്നിട്ട് അവർ പറഞ്ഞു "നമ്മൾ ഭൂമുഖത്താകെ ചിതറിപ്പോകാൻ ഇടവരരുത്. അതിനായി ഒരു പട്ടണവും ആകാശത്തോളമെത്തുന്ന ഒരു ഗോപുരവും പണിയാം നമുക്ക് ഒരു പേരുണ്ടാക്കി പ്രസിദ്ധിനേടാം." വരുവിൻ നാം ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിപ്പാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിയാം. നമുക്ക് ഒരു പേരുണ്ടാക്കുക എന്നു അവർ പറഞ്ഞു (ഉൽപ്പത്തി 11:4)

അങ്ങനെ അവർ സ്വന്തബുദ്ധിയിലും കഴിവിലും ആശ്രയിച്ചുകൊണ്ട് ഗോപുരം പണി ആരംഭിച്ചു. ഗോപുരത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരുന്നപ്പോൾ യഹോവയായ ദൈവം മനുഷ്യപുത്രന്മാരുടെ അദ്ധ്വാനമായ അവർ പണിത ഗോപുരം കാണുവാനായി ഇറങ്ങിവന്നു. അവരുടെ ഗോപുരനിർമ്മാണം കണ്ടുകൊണ്ട് ദൈവം ഇപ്രകാരം ചിന്തിച്ചു. ഇതാ മനുഷ്യർ ഒരു ജനതയാണ് അവർക്ക് ഒരേ ഭാഷയാണ്. അവരുടെ ഇപ്പോഴത്തെ പ്രവൃത്തി അവർ ചെയ്യാനിരിക്കുന്നതിന്റെ ആരംഭം മാത്രമാണ്. അവർ ചെയ്യാൻ ഉദ്ദേശിക്കുന്നതൊന്നും ഇനി അവർക്ക് അസാദ്ധ്യമാവുകയില്ല. നമുക്ക് അവരുടെ ഭാഷയെ കലക്കാം. അവർ പറയുന്നത് പരസ്പരം മനസ്സിലാകാതെയിരിക്കട്ടെ. "വരുവിൻ നാം ഇറങ്ങിച്ചെന്ന് അവരുടെ ഭാഷ കലക്കികളക എന്നരുളിച്ചെയ്തു (ഉൽപ്പത്തി 11:7)

അങ്ങനെ യഹോവയായ ദൈവം അവരെ അവിടെ നിന്ന് ചിതറിച്ച് ഭൂതലത്തിന്റെ പല ഭാഗങ്ങളിലാക്കി. അവർ പട്ടണം പണിയുന്നത് നിർത്തിവച്ച് പോയിക്കളഞ്ഞു. കർത്താവ് അവരുടെ ഭാഷയെ കലക്കി. തന്മൂലം ആ സ്ഥലം ബാബേൽ (കലഹം) എന്നു വിളിക്കപ്പെടുന്നു. അവർ ഗോപുരം പണിയുമ്പോൾ അവർ പറയുന്നത് പരസ്പരം മനസ്സിലാക്കാൻ കഴിയാതെ വന്നു. അതുമൂലം അവർ തമ്മിൽ കലഹിക്കുവാൻ തുടങ്ങുകയും ഗോപുരനിർമ്മാണത്തെ ബാധിക്കുകയും ഗോപുരനിർമ്മാണം അലങ്കോലപ്പെടുകയും ചെയ്തു. മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ ഉത്തമം യഹോവയിൽ ആശ്രയിക്കുന്നതാണെന്ന കാര്യം അവർ മറന്നുപോയി. അവർ സ്വന്തം കഴിവിൽ ആശ്രയിച്ച് എല്ലാം തികഞ്ഞവർ എന്ന അഹങ്കാര ഭാവത്തോടെ പെരുമാറി. അവർ അവർക്ക് തന്നെ ഒരു കെണിയായി മാറി. അവർ ഒരു പേര് ഉണ്ടാക്കാൻ ശ്രമിക്കുന്നു. എന്നാൽ ഒരു പേര് ലഭിക്കുക എന്നുള്ളത് ദൈവകൃപയാണെന്നും അത് ദൈവത്തിന്റെ ദാനമാണെന്ന കാര്യം അവർ വിസ്മരിച്ചു. ഒരു പട്ടണം നിർമ്മിച്ച് അതിനു കോട്ട കെട്ടി അതിനുള്ളിൽ സർവ്വവിധ സുഖസൗകര്യത്തോടെ കഴിയാം എന്നു ചിന്തിച്ചു എങ്കിലും ദൈവത്തിന്റെ ഉദ്ദേശവും പദ്ധതിയും മറ്റൊന്നായിരുന്നു. ഇവിടെ നിന്നും അവരെ ഭൂലോകത്തിന്റെ നാലു അതിർത്തികളിലേക്കും ചിതറിക്കുന്നു. അവർ ചിതറിപ്പോയി താമസിച്ച എല്ലാ സ്ഥലങ്ങളിലും അവരുടേതായ രീതിയിലുള്ള സംസ്കാരങ്ങൾ ഉണ്ടായി വരുന്നു. ഇവർ മുഖാന്തിരം ഓരോ സംസ്കാരങ്ങൾ ഉത്ഭവിക്കുന്നു. അതിലൂടെ മനുഷ്യന്റെ ചിന്തകൾക്ക് മാറ്റം സംഭവിക്കുകയും മറ്റു സംസ്കാരങ്ങൾ കൂടി മനസ്സിലാക്കാനും മറ്റു സംസ്കാരങ്ങളിലുള്ള നന്മയെ സ്വാംശീകരിക്കാനും സാധിച്ചു. അവർ കുറെക്കൂടി ഉയർന്നു ചിന്തിക്കുന്നവരും കൂടുതൽ പേരെ ഉൾക്കൊള്ളുന്നവരുമായി മാറുന്നു.

ഇവിടെ ചില വീഴ്ചകൾ സംഭവിക്കുമ്പോൾ അതിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവൻ ജീവിക്കുന്നു. അവന്റെ നിലനിൽപ്പിനുവേണ്ടി അവൻ പോരാടുന്നു. ബാബേൽ ഗോപുരം പണിത സമയത്ത് അവരുടെ ഭാഷകൾ ഒന്ന് മറ്റൊരാൾക്ക് മനസിലാക്കാൻ സാധിക്കാതെ വന്നു എങ്കിലും അത് അവർക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ചിതറിപ്പോകുവാൻ ഇടയാക്കി. ഇങ്ങനെ അവരുടെ ഭാഷ കലങ്ങി വിവിധ സ്ഥലങ്ങളിലേക്ക് ചിതറിപ്പോയത് ആദ്യനോട്ടത്തിൽ ചില പ്രയാസങ്ങൾ തോന്നാമെങ്കിലും അവ നന്മയിലേക്ക് പരിണമിക്കുന്നു. നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും, ഓരോ കാര്യങ്ങളും ദൈവത്താൽ മുൻ മുൻനിർണ്ണയിക്കപ്പെട്ടമെന്നും എല്ലാറ്റിന്റെയും പിന്നിൽ ദൈവത്തിന്റെ ഒരു പദ്ധതി ഉണ്ട് എന്ന കാര്യവും നാം വിസ്മരിക്കരുത്. ഇവിടെ ബാബേൽ ഗോപുര നിർമ്മാണ സമയത്ത് അവരുടെ ഭാഷ ദൈവം കലക്കിയതുകൊണ്ടു മാത്രമാണ് അവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ചിതറിപ്പോയത്.

പല സ്ഥലങ്ങളിലേക്ക് ചിതറിപ്പോയവരിൽ നോഹയുടെ മക്കളായ ശേമിന്റെ മക്കൾ അറേബ്യയിലും, ഹാമിന്റെ മക്കൾ ആഫ്രിക്കയിലും, യാഫെത്തിന്റെ മക്കൾ യാറോപ്പിലും പോയി എന്നു പറയപ്പെടുന്നു. നോഹയുടെ പുത്രനായ ശേം ജലപ്രളയത്തിനുശേഷം അർപ്പക്ഷാദിനെ ജനിപ്പിച്ചു. അർപ്പക്ഷാദിൽ നിന്ന് ശാലെഹും ശാലെഹിൽ നിന്ന് ഏബെരും ഏബെരിൽ നിന്ന് പേലെഗും പേലെഗിൽ നിന്ന് രെയൂവും രെയൂവിൽ നിന്ന് ശെരൂഗും ശെരൂഗിൽ നിന്ന് നാഹോറും ജനിച്ചു. നോഹക്കുശേഷം ഏഴാം തലമുറയിൽ നാഹോർ ജനിക്കുന്നു. നാഹോർ തേരഹിനെ ജനിപ്പിക്കുന്നു. തേരെഹിനു എഴുപതു വയസ്സായപ്പോൾ അവൻ അബ്രാം, നാഹോർ, ഹാരാൻ എന്നീ മൂന്നു പുത്രന്മാരെ ജനിപ്പിക്കുന്നു. അങ്ങനെ തേരെഹിൽ നിന്ന് ജാതികളുടെ പിതാവായ അബ്രാം ജനിക്കുകയും ലോകത്തിലെ മൂന്നു പ്രധാനപ്പെട്ട മതങ്ങൾ ആദരിക്കുന്ന, വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ ചരിത്രം ആരംഭിക്കുന്നു. അബ്രഹാമിന്റെ ചരിത്രം എന്നു പറയുമ്പോൾ അത് യിസ്രായേൽ ജാതിയുടെ ചരിത്രം ആണ്. ഇവിടെ വരെയുള്ള ഭാഗങ്ങൾ ചരിത്രത്തിന് അതീതമായിട്ടുള്ള കാലഘട്ടം ആയിരുന്നു എങ്കിൽ ഇനിയും മുതൽ ചരിത്രം ആരംഭം കുറിക്കുന്നു. ഇതുവരെയുള്ള ഉൽപ്പത്തി പുസ്തകത്തിന്റെ ആദ്യഭാഗത്ത് സൃഷ്ടിയുടെ ഉൽപ്പത്തി, മനുഷ്യന്റെ വീഴ്ച, വെള്ളപ്പൊക്കം, ബാബേൽ ഗോപുരനിർമ്മാണവും മനുഷ്യൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ചിതറിപ്പോകുന്ന കാര്യവും നമുക്ക് മനസ്സിലാക്കുവാൻ സാധിച്ചു. ഈ ഭാഗത്ത് എഴുത്തുകാരൻ നമ്മെ പഠിപ്പിക്കുവാൻ ശ്രമിച്ചത് ഈ ലോകവും, ഈ ലോകത്തിലെ സർവ്വ ചരാചരങ്ങളും, പറവജാതികളും, മൃഗങ്ങളും, മനുഷ്യനുമെല്ലാം സൃഷ്ടിക്കപ്പെട്ടത് യഹോവയായ ദൈവം മുഖാന്തിരമാണെന്നും ആ ദൈവം സൃഷ്ടിച്ചതിനെ പരിപാലിക്കേണ്ട ചുമതല മനുഷ്യനാണെന്നും ഈ പ്രപഞ്ചത്തെ മുഴുവനും നിയന്ത്രിക്കുന്നത് ദൈവമാണെന്നും, നാം ദൈവഹിതമനുസരിച്ച് ഈ ലോകത്തിൽ ജീവിക്കണമെന്നും നമ്മെ ഓർമ്മിപ്പിക്കുന്നു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

പരിവർത്തനത്തിന്റെ നാളുകൾ – 05

കൂനിയുടെ ഞായർ (വി. ലൂക്കോസ് 13:10–17)
(വിശുദ്ധ മർക്കോസ് 2:1–12)

ഫാ. കെ. കെ. വർഗീസ്




പരിശുദ്ധ നോമ്പിലെ അഞ്ചാം ഞായർ. കഴിഞ്ഞ ആഴ്ചകളിൽ, ജീവിതാനുഭവങ്ങളിൽ ഏതെങ്കിലും വിധത്തിൽ രൂപാന്തരം/പരിവർത്തനം സംഭവിച്ചവരുടെ അനുഭവങ്ങളാണ് വിവരിച്ചത്. നോമ്പിന്റേ ലക്ഷ്യവും അതു തന്നെയാണ്; ദൈവ മുമ്പാകെ സ്വയമായോ,

പരസഹായത്താലോ, മറ്റുള്ളവരുടെ മധ്യസ്ഥതയാലോ എത്തു ന്നവർക്ക്, അവർ ആഗ്രഹിക്കുന്ന പക്ഷം ഉണ്ടാവുന്ന, ഉണ്ടാവേണ്ട വ്യതിയാനങ്ങൾ. ദൈവ-മനുഷ്യ ബന്ധത്തിലെ പ്രത്യക്ഷമായ ലക്ഷണവും ആത്യന്തികമായ ലക്ഷ്യവും അതാണ്. മുമ്പുണ്ടായിരുന്നതിൽ നിന്ന് ചില വ്യത്യാസങ്ങൾ സംഭവിച്ചവർ ആയി തിരികെ പോവുക. ഈ ആഴ്ച ദേവാലയത്തിൽവച്ച്, കൂനിയായ സ്ത്രീയെ സൗഖ്യം ആക്കുകയാണ്. പക്ഷേ ദേവാലയ പ്രമണിക്ക് അതിൽ കുറച്ച് അസ്വസ്ഥതകൾ തോന്നുന്നുണ്ട്. ക്രിസ്തു അതിന് തക്കതായ മറുപടി പറയുകയും, സൗഖ്യദായക ശുശ്രൂഷയിൽ എല്ലാവരും സന്തോഷിക്കുകയും ചെയ്യുന്നു.

കൂനിയായ സ്ത്രീ

പുതിയ നിയമത്തിലെ, വിശ്വാസത്തിന്റെയും വിശ്വസ്തതയുടെയും ഏറ്റവും ശക്തമായ ചിത്രങ്ങളിലൊന്നാണ് അവൾ. 18 വർഷമായി അവൾ ഈ അവസ്ഥയിലാണ്! അവൾ സുഖം പ്രാപിച്ചിട്ടില്ല, ഇപ്പോഴും അവൾ ദൈവത്തിൽ വിശ്വസിക്കുന്നു!

അവൾ പ്രാർത്ഥിക്കുന്നു, പക്ഷേ ദൈവം ഉത്തരം നൽകാൻ പോകുന്നില്ലെന്ന് തോന്നുമ്പോൾ പോലും അവൾ വിശ്വസ്തയായി തുടരുന്നു. ഇല്ലെങ്കിൽ ആരും അവളെക്കുറിച്ച് ചിന്തിക്കില്ല എന്ന വസ്തുത ഉണ്ടായിരുന്നിട്ടും അവൾ ആരാധനയ്ക്ക് വരുന്നു. ദൈവം നോക്കിനിൽക്കെ അവൾ വർഷങ്ങളോളം കഷ്ടപ്പെട്ടു, എന്നിട്ടും അവൾ വിശ്വസ്തയായി തുടർന്നു. ജീവിതം അവൾ ആഗ്രഹിച്ച വഴിക്ക് പോകാതിരുന്നപ്പോഴും അവൾ തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നു, കാരണം അവൾ തന്റെ ദൈവമായ കർത്താവിനെ സ്നേഹിച്ചു! അവൾ വിശ്വസ്തയായി തുടരുന്നതിന്റെ കാരണം, ദൈവത്തിന് തന്നെ ഏറ്റവും നന്നായി അറിയാമെന്ന് അവൾക്കറിയാമായിരുന്നു. ദൈവം ഒരിക്കൽ അവളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുമെന്ന് അവൾ ഇപ്പോഴും അവളുടെ ഹൃദയത്തിൽ വിശ്വസിച്ചിരുന്നു. ദൈവം എന്നെ തൊട്ടാലും ഇല്ലെങ്കിലും ഞാൻ അവനെ ആരാധിക്കുവാൻ യോഗ്യയാണെന്ന സത്യം അവൾ അറിഞ്ഞിരുന്നു. അവൾ അവനെ സ്നേഹിക്കുകയും അവൾ അഭിമുഖീകരിക്കുന്ന തടസ്സങ്ങൾക്കിടയിലും അവനെ ആരാധിക്കുകയും ചെയ്തു.



ശാബത്തിലെ ഉപദേശങ്ങൾ (10:13)

ആരാധന ശരിയായ അർത്ഥത്തിൽ ദൈവ മുമ്പാകെയുള്ള കൂടി വരവിനെ സമയമാണല്ലോ. ദൈവത്തെ മുഖാമുഖം കാണുക, അവനോട് പറയുക,അവൻ പറയുന്നത് കേൾക്കുക, സമാധാനത്തോടെ പോവുക. ഇത് ആരാധനയുടെ ഒരു ഘടനയാണ്. അങ്ങനെ വിശുദ്ധ ആരാധന നമ്മൾക്കും ദൈവത്തിനും പരസ്പരം ഒരുമിച്ചു വരുവാനും, പോകുമ്പോൾ അവനെ കൂടെ കൊണ്ടു പോകുവാനും ഉള്ള സന്ദർഭങ്ങളാണ്. അപ്പം നുറുക്കൽ,വചനം നുറുക്കൽ എന്നിങ്ങനെ രണ്ട് പ്രധാന ഭാഗങ്ങൾ ആരാധനയിൽ അന്തർലീനമാണ്. വിശുദ്ധ കുർബാന അനുഭവം (through breaking of Bread) വചന ധ്യാനവും (through breaking of Word) ആരാധനയുടെ അവിഭാജ്യ ഘടകങ്ങളാണ്. നമ്മുടെ ആരാധനകളിൽ വചന ധ്യാനം/ ഏവൻഗേലിയോൻ പ്രസംഗം/ഉപദേശം എത്ര മാത്രം അർത്ഥപൂർണ്ണമായി സംവേദിക്കപ്പെടുന്നു എന്ന് ചിന്തിക്കേണ്ടതായിട്ടുണ്ട്. ആരാധനാമധ്യേ മുറിക്കപ്പെടുന്ന വചനത്തിൽ നിന്ന്,

ജീവിത വിശകലനത്തിനും, ദേവാലയത്തിന് പുറത്തേക്ക് പോകുമ്പോഴുള്ള, (യാത്രാ വഴികളിലെ ദൈവീക വെളിച്ചവും, നിന്റെ വചനം എൻറെ കാലിന് ദീപം, പാതക്ക് പ്രകാശം) സഹയാത്ര അനുഭവത്തിനും മതിയായ ചേരുവകൾ സ്വീകരിക്കപ്പെട്ടതായിട്ടുണ്ട്ഒടുവിലെ ആശിർവാദം 'നിങ്ങൾ പ്രാപിച്ച വാഴ്വുകളും വഴിയാഹാരങ്ങളും എന്നാണല്ലോ. ബഹുവചനരൂപം ആണ് അവിടെ ഉപയോഗിക്കുന്നത്. തിരുശരീര രക്തം, തിരുവചനം എന്ന് അതിനെ മനസ്സിലാക്കുന്നതിൽ അസുഖകരമായതു ഒന്നുമില്ല. ശാബത്തിൽ ഉപദേശിക്കുവാനും ഉപദേശം സ്വീകരിക്കുവാനും പ്രാർത്ഥനാ പൂർവ്വമായ ഒരു തയ്യാറെടുപ്പ് ആവശ്യമാണ്. അങ്ങനെ തന്നെ വേണം ആരാധനയിൽ സംബന്ധിക്കുവാനും.

ദേവാലയ പരിസരങ്ങളിലെ സൗഖ്യ ദാനം

വേദപുസ്തക ചരിത്രത്തിലെ ദേവാലയ സങ്കൽപ്പത്തിന്റേ ആദ്യ സംഭവങ്ങൾ മുതൽ തന്നെ ദേവാലയങ്ങൾ മറ്റ് ഇടങ്ങളിൽ നിന്നെല്ലാം വിഭിന്നമായ ഒരു പരിസ്ഥിതി മനസ്സിലാക്കപ്പെടുന്നുണ്ട്. ദേവാലയങ്ങളുടെ ആത്യന്തിക ലക്ഷ്യവും സ്ഥാപന ഉദ്ദേശവും ഇവിടെ പരാമർശിക്കപ്പെടുന്നുണ്ട്. ആത്മ ശരീര മനസ്സുകളുടെ ചികിത്സാലയം കൂടിയാണ് ദേവാലയം. നിരന്തരം പള്ളിയിൽ വരുമായിരുന്നെങ്കിലും തന്റെ പാദങ്ങൾ മാത്രം കണ്ടിരുന്ന ഒരുവളേ ദൈവം മുഖത്തേക്ക് നോക്കുവാൻ പ്രാപ്തമാക്കിയ ഇടമായി ഇവിടെ ദേവാലയം ചിത്രീകരിക്കപ്പെടുന്നു. തന്നിൽ മാത്രം മുഴുകി ആരാധനയിൽ സംബന്ധിക്കുന്ന വരെ തിരുത്തുന്ന ഭാഗമായി ഇത് വായിച്ചെടുക്കാം. അവനവനിലേക്ക് അല്ല (himself) അവനിലേക്ക് (Him) നോക്കാനുള്ള ഇടമാണ് ദേവാലയം. അവനെ നോക്കുന്നതിനാവശ്യമായ കെൽപ്പ് ഉണ്ടാവുന്നതിനു സ്വയം വിശകലനവും വിമർശനവും തന്നിലേക്ക് ഉള്ള നോട്ടവും അനുവദനീയമാണ്.

പക്ഷേ, ഇവിടെ 18 വർഷമായി തന്നിലേക്ക് മാത്രം ചുരുങ്ങിപ്പോയ അവളെക്കാളും ദയനീയമായ ജീവിക്കുന്ന കെൽപ്പുള്ള മനുഷ്യരെയാണ് വേദഭാഗം തിരുത്തുന്നത്. (അതോടൊപ്പം പള്ളിയിൽ വന്നാൽ വിശുദ്ധ സ്ഥലത്തിനു പകരം ചുറ്റുപാടിനെയും ചുറ്റുപാടുള്ളവരെയും മാത്രം നിരീക്ഷിക്കുന്ന അഭിനവ കൂനൻമാരെയും കൂനികളെയും കൂടി ക്രിസ്തു കാണുന്നുണ്ട എന്നും ഓർക്കാം. ആധുനിക ദേവാലയങ്ങൾ സൗഖ്യദാന ശുശ്രൂഷയിൽ എത്രത്തോളം വിജയിച്ചി


ട്ടുണ്ട് എന്ന ചോദ്യം കൂടി സ്വയം ചോദിക്കാം.

യേശു അവളെ കണ്ടു (13:12)

നിവർന്നു നിൽക്കാൻ പോലും കഴിയാതിരുന്ന ഈ സ്ത്രീ നിത്യവും ദേവാലയത്തിൽ വന്നിരുന്നു, സൗഖ്യത്തിന് ആഗ്രഹിച്ചല്ല. മറിച്ച്, ആരാധനയിൽ സംബന്ധിക്കുവാൻ ആയിട്ട്. എന്ന് മാത്രമല്ല അവൾ സൗഖ്യദായകൻ ആയ ക്രിസ്തുവിനെ അതിനുവേണ്ടി സമീപിക്കുന്നതു പോലുമില്ല. വരണ്ട കൈയുള്ളവനെ ദേവാലയത്തിൽ വച്ച് സൗഖ്യമാക്കിയ സംഭവത്തിന് ഒരുപക്ഷേ അവൾ ദൃക്സാക്ഷി ആയിരിക്കാം (വി. മർക്കോസ് 3:1-6). പക്ഷേ അവൾ ക്രിസ്തുവിന്റെ അടുത്തേക്ക് സൗഖ്യത്തിന് ചെല്ലുന്നില്ല. എന്നാൽ ക്രിസ്തു അവളെ കണ്ടു. അവളുടെ ആരാധന ജീവിതം കണ്ട് അവളോട് ഇടപെടുന്നു.ഇവിടെ ആരും ആവശ്യപ്പെടാതെ കർത്താവ് അവളുടെ അവസ്ഥയെ രൂപാന്തരപ്പെടുത്തുന്നു. 'വല്ലാതെ യാചിക്കുന്നവർക്ക് ഒന്നും കിട്ടുന്നില്ല' (വി. യാക്കോബ് 4:3)

മറ്റുള്ളവർക്ക് കാണാനാവാത്ത മൂല്യം ക്രിസ്തു അവളിൽ കണ്ടെത്തി. നമ്മളനുഭവിക്കുന്ന പ്രതിസന്ധികളുടെയോ പ്രശ്നങ്ങളുടെയോ വെളിച്ചത്തിൽ അല്ല അവൻ നമ്മെ കണ്ടെത്തുന്നത്.

ഓർമ്മചിത്രങ്ങൾ



പുത്തൻകാവിൽ കൊച്ചുതിരുമേനി വിവാഹ കൂദാശയ്ക്ക് ശേഷം നവദമ്പതികൾക്കൊപ്പം.

കപട ഭക്തിയെ ക്രിസ്തു പരിഹസിക്കുന്നു. ദൈവത്തെയോ ദൈവജനത്തെക്കാൾ അധികം മതത്തെ സ്നേഹിച്ചവൻ ആയിരുന്നു പ്രമാണി. തന്റെ മതം തന്റെ അധീശത്വം എന്നിവയിൽ ഉൽക്കണ്ഠ ഉള്ളവനും ആയിരുന്നു. ക്രിസ്തു തന്റെ അധികാരപരിധിയിൽ കയറി പ്രവർത്തിക്കുന്നത് അയാൾക്ക് ഇഷ്ടപ്പെടുന്നില്ല.

അവന്റെ അതുല്യവും അമൂല്യവുമായ കൃപയാൽ നമ്മൾക്ക് എന്തായി തീരാൻ ആവുമോ എന്നതിലൂടെയാണ്.

അവൻ നമ്മെ ശ്രേഷ്ഠനും മാന്യമായി എണ്ണുന്നു.

ക്രിസ്തു അവളെ വിളിച്ചു

1 ക്രിസ്തു അവളെ കണ്ടപ്പോൾ 'സ്ത്രീ 'യെന്ന വിളിക്കുന്നു. മറ്റുള്ളവർ വിചിത്ര വസ്തുവിനെ എന്നതുപോലെ പരിഗണിച്ചവൾ, മുമ്പേതന്നെ സ്ത്രീ സൗന്ദര്യം നഷ്ടപ്പെട്ടവൾ, അവളെ അനുകമ്പാപൂർവ്വം താൻ സ്ത്രീ എന്നു വിളിക്കുന്നു. മറ്റുള്ളവർക്ക് പരിഹാസ കാരണമായവൾ ക്രിസ്തുവിൻറെ മുമ്പിൽ പരിഗണന അർഹിക്കുന്നവൾ ആയി കണക്കാക്കപ്പെട്ടു.

2 നീ മോചിക്കപ്പെട്ടിരിക്കുന്നു (loose from your infirmity).

അവൾ പലപ്പോഴും ആഗ്രഹിച്ചതും ചിലപ്പോൾ പരിശ്രമിച്ചത് എല്ലാം ക്രിസ്തു ഒരു വാക്കിൽ നിവർത്തിച്ചു.

(വി.മത്തായി 11:11/28) ഞാൻ നിങ്ങളെ സ്വതന്ത്രരാക്കും എന്ന ലാവണ്യം ഉള്ള വാക്കുകൾ നാം കാണുന്നു.' പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാവും '. (വി.യോഹന്നാൻ 8:36).

അവൻ അവളെ സ്പർശിച്ചു

അവൾ മാത്രമായിരുന്നില്ല ആരാധനയിൽ, അവിടെ ക്രിസ്തുവും ഉണ്ടായിരുന്നു. വി. മത്തായി.13:12 അവൻ അവളെ കണ്ടു എന്നു പറയുന്നു.

ആരാധനയ്ക്ക് വന്നവളെ ആരാധനയിൽ സന്നിഹിതനായവൻ കണ്ടു. അവൻ അവളുടെ മേൽ കൈവെച്ചു.(വി മത്തായി 13:13),അവൾ സുഖപ്പെട്ടു. തകർക്കുന്ന ഏത് ബന്ധവും തകർത്തുകളയാൻ അവൻ ശക്തനാണ്. പക്ഷേ ജീവിതത്തിൽ അവൻറെ സ്പർശനം ഉണ്ടാവണം. അവനെ സമീപിക്കണം...

ദൈവം Vs ദൈവാലയാധികാരി

പക്ഷേ പള്ളി പ്രമാണി അസ്വസ്ഥനാകുന്നു. മനുഷ്യനെക്കാൾ പ്രാധാന്യം ശാബത്ത് ആണെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. മൃഗത്തിന് മനുഷ്യനെക്കാൾ പ്രാധാന്യം നല്കുന്ന സമ്പ്രദായത്തെ ക്രിസ്തു കുറ്റപ്പെടുത്തുന്നു. അവരുടെ കപട ഭക്തിയെ ക്രിസ്തു പരിഹസിക്കുന്നു. ദൈവത്തെയോ ദൈവജനത്തെക്കാൾ അധികം മതത്തെ സ്നേഹിച്ചവൻ ആയിരുന്നു പ്രമാണി. തന്റെ മതം തന്റെ അധീശത്വം എന്നിവയിൽ ഉൽക്കണ്ഠ ഉള്ളവനും ആയിരുന്നു. ക്രിസ്തു തന്റെ അധികാരപരിധിയിൽ കയറി പ്രവർത്തിക്കുന്നത് അയാൾക്ക് ഇഷ്ടപ്പെടുന്നില്ല.

വിശുദ്ധം എന്ന് താൻ കരുതുന്നതിനെ ഉയർത്തിപ്പിടിക്കാൻ അയാൾ പരിശ്രമിക്കുന്നു. പക്ഷേ, അനുകമ്പയോടെ അകമ്പടി ഇല്ലാത്ത വിശുദ്ധി അർത്ഥരഹിതമാണെന്ന് അറിയുന്നതിൽ അയാൾ പരാജയപ്പെട്ടു.

എന്നാൽ യേശു പള്ളിയിൽ പോയപ്പോൾ മറ്റുള്ളവരെയും അവരുടെ ആവശ്യങ്ങളെയും കണ്ടു അവരെ എങ്ങനെ സഹായിക്കാം എന്ന് ചിന്തിച്ചു. അവൻ പിതാവിൻറെ പ്രവൃത്തിയായിരുന്നു ചെയ്തത്(വി.യോഹന്നാൻ5:19).

ക്ഷണത്തിൽ നിവർന്നുനിന്ന് മഹത്വപ്പെടുത്തി

ജനത്തിൻറെ ഇടയിൽ കുനിഞ്ഞിരുന്നവൾ ദൈവമുമ്പാകെ നിവർന്നു നിന്ന് അവനെ മഹത്വപ്പെടുത്തി. അവളുടെ വേദന സ്തുതിപ്പുകളായി.. അവളുടെ കുറവുകൾ മഹത്വ ഗാനങ്ങളായി... അവളുടെ ബന്ധങ്ങൾ സ്വാതന്ത്ര്യങ്ങൾ ആയി.... നമ്മുടെ ജീവിതത്തിലെ ഒരു കുഷ്ഠത്തിനും, തളർച്ചയ്ക്കും, ഭൂതത്തിനും, കൂനിനും, കുരുടിനും ഒന്നും ക്രിസ്തു നൽകുന്ന കൃപകളുടെ മേൽ അധീശത്വം പുലർത്താനാവില്ല. നാം നിവർന്നുനിന്ന് അവനെ മഹത്വപ്പെടുത്തുക തന്നെ ചെയ്യും... ❑

Church Calendar

His Power to set free

St. Luke 13:10-17

Fr. Nithin V. Rajan



Who shall separate us from the love of Christ? Shall trouble or hardship or persecution or famine or nakedness or danger or sword? ***Romans 8:35***. These are the powerful words of St. Paul that in whatever condition we may be that will not separate us from God. This is what we see in today's Gospel reading also where we see a woman going for worship even though she was unable to look up.

Worshiping God at all times:

As Christians we are called to worship always that is why we use the term "Liturgy after Liturgy". Even though we are called into it we usually find ways to forget what we are supposed to do. We need to learn lessons from the life of the crippled woman. When on a Sabbath, Jesus was teaching in the synagogues, this woman was there, she had been crippled by a spirit for eighteen years. She was bent over and could not straighten up at all. This problem did not stop her from being in the presence of God. She made sure to be present for the worship.

There is joy in worship. Even though Orthodox worship is an elaborate one, *Worship* is not simply expressed in words. In addition to prayers, hymns, and scripture readings, there are a number of rituals, signs, and processions. The Church makes rich use of non-verbal symbols to express God's presence and our association to Him. Orthodoxy Worship is holistic as it involves the whole person, there is tangible and intangible forms involved.

Nothing should be a hindrance in our lives to be present for worship. There is liberation in worship.

Jesus sets us free:

When Jesus saw her, He called her forward and said to her, "Woman, you are set free from your infirmity." Then He put His hands on her, and immediately she straightened up and praised God. ***St. Luke 13:12-13***. Here we see the healing hands of Christ. The crippled woman might have gone pillar to post for her healing but no one could have found a solution for her. But the love of Christ sets her free.

Freedom in Christ is a totally different experience, we need to experience that to enjoy that freedom. Through Christ we are delivered from the bondage of sin and its punishment, death, and have new life in Him. This is the freedom we are promised.

As human being we fall into sin and are kept in captivity by the devil but if we repent, God is always waiting to put us back to His flock. He loves us as we are and not for what we are. The freedom Christ offers is not materialistic but holistic. Freedom of Christ is free but it comes with responsibilities.

There is no boundary for God's love:

Outraged because Jesus had healed on the Sabbath, the synagogue leader said to the people, "There are six days for work. So come and be healed on those days, not on the Sabbath." The Lord answered him, "You hypocrites! Doesn't each of you on the Sabbath untie your ox or donkey from the stall and lead it out to give it water? Then should not this woman, a daughter of Abraham, whom Satan has kept bound for eighteen long years, be set free on the Sabbath day from what bound her?" ***Luke 13:14-16.***

When the world naturalize unnatural things for their own gains and fames, Christ breaks boundaries of bondages and heals the last, least and lost. His love for His creation is seen clearly by His works for peace and justice. The good shepherd leaves the ninety nine sheep and goes in search of the one lost sheep.

Here we see misuse of God commandment of Sabbath, where it was given to the liberation of man from his struggles and pains here becomes a burden. Rules are made to make human beings in a set track of life for the betterment but when the same rules are miss interpreted it becomes a burden. For example, we say to wear a helmet while riding a two wheeler to protect the head from injury if there is a mishap, but as common human beings how do we look at this rule? We think we were helmet to avoid being caught by the policeman. When we realize the need of helmet we will feel easy to wear them but if we think to avoid being caught by the cops then it becomes a burden. Law is made for man and not man for the law.

As we also partake in the worship, let us be with the side of Christ who helped the woman to look up to God. Let us not wear the robes of the synagogue leader who started to find faults when Jesus helped the woman in pain to look up to God.

Let us find more time to look up to heaven and worship the Creator of heaven and earth rather than pin pointing problems and issues in the church. Let us be wise to discern the will of God. We should be able to supersede pride and hatred towards our fellow human being.

He who blames others has a long way to go on his journey. He who blames himself is halfway there. He who blames no one, has reached self-understanding. Unless we have proper understanding of the situation there is possibility of a wrong decision. So when we see good things happening let us not judge and try to find out some mistakes to bring down our opponent.

When Jesus finished His talk all were happy as we know Jesus spoke with wisdom and His power is Mighty. Let us also try to keep our words limited and let our actions speak louder so that the name of God be honored through our words and actions. Amen.

❑



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ പുതുതായി തെരെഞ്ഞെടുക്കപ്പെട്ട സാരഥികൾ.



ഫാ.ഗീവർഗ്ഗീസ് കോശി
(വൈസ് പ്രസിഡന്റ്)
മാവേലിക്കര ഭദ്രാസനം



പേൾ കണ്ണേത്ത്
(ട്രഷറാർ)
കണ്ടനാട് വെസ്റ്റ് ഭദ്രാസനം

സ്നേഹത്തിൽ അധിഷ്ഠിതമായ ജീവകാരുണ്യ പ്രവർത്തനങ്ങൾ യുവജനങ്ങൾ ഏറ്റെടുക്കണം: പരിശുദ്ധ കാതോലിക്കാ ബാവ

പരുമല : സ്നേഹത്തിൽ അധിഷ്ഠിതമായ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ യുവജനങ്ങൾക്ക് കഴിയണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ. സമൂഹത്തിൽ തള്ളപ്പെട്ടുപോകുന്നവരെ കണ്ടെത്തി അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുവാൻ കഴിയുന്നതാണ് ക്രൈസ്തവ ദൗത്യം, ആയതിനായി ഓർത്തഡോക്സ് ക്രൈസ്തവ പ്രസ്ഥാനം മുന്നിട്ടിറങ്ങണമെന്ന് പരിശുദ്ധ കാതോലിക്കാ ബാവ പറഞ്ഞു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര അസംബ്ലി പരുമല സെമിനാരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യുവജനപ്രസ്ഥാനത്തിന്റെ ആദരവുകൾ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിക്ക് സമർപ്പിച്ചു. യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അദ്ധ്യക്ഷത വഹിച്ചു. പരുമല സെമിനാരി മാനേജർ ഫാ. വിനോദ് ജോർജ്ജ്, കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. വർഗീസ് ടി. വർഗീസ്, കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ്, കേന്ദ്ര ട്രഷറാർ ജോജി പി. തോമസ് എന്നിവർ പ്രസംഗിച്ചു. യുവജന പ്രസ്ഥാനത്തിന്റെ 2022-2025 വർഷത്തെ കേന്ദ്ര വൈസ് പ്രസിഡന്റായി ഫാ. ഷിജി കോശി, കേന്ദ്ര ട്രഷററായി പേൾ കണ്ണേത്ത്, കേന്ദ്ര കമ്മിറ്റി അംഗങ്ങളായി എബിൻ സജി, അജു ജേക്കബ്, ദിപു അച്ചൻകുഞ്ഞ്, നോബിൻ സി.ജെ., അഞ്ജു വർഗീസ്, ആർദ്ര സൂസൻ സിബി, ജോമി ഏബ്രഹാം, പത്രാധിപ സമിതി അംഗങ്ങളായി ബിബിൻ ബാബു, റ്റിബിൻ ചാക്കോ, ഓഡിറ്റർമാരായി അലൻ ദാനിയേൽ, ജോസി ജോൺ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

സുപ്രീംകോടതി വിധിക്കെതിരെ പൊതുജനാഭിപ്രായം ആരായുന്ന നടപടികളിൽ നിന്ന് സർക്കാർ പിന്മാറണമെന്ന് യോഗം ആവശ്യപ്പെട്ടു.



ചെന്നൈയിൽ മദ്രാസ് മെഡിക്കൽ മിഷൻ സംഘടിപ്പിച്ച സ്വീകരണ സമ്മേളനത്തോടനുബന്ധിച്ച് ആശുപത്രി വളപ്പിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഒലിവ് തൈ നടുന്നു. മോഹൻ ഡാനിയേൽ, ഡോ.ജോൺ നെല്ലിമല, എം.എം.ഫിലിപ്പ്, ജോസഫ് തളിയാപറമ്പിൽ കോറെപ്പിസ്കോപ്പ, ഡോ.യൂഹാനോൻ മാർ ദിയസ്കോറസ്, ഫാ.എബി.എം.ചാക്കോ എന്നിവർ സമീപം.

ആതുരശുശ്രൂഷയിലൂടെ ദൈവസ്നേഹം പകരണം : കാതോലിക്കാ ബാവാ

ചെന്നൈ ● ആതുരശുശ്രൂഷയിലൂടെ ദൈവസ്നേഹം മറ്റുള്ളവരിലേക്കു പകരാൻ മദ്രാസ് മെഡിക്കൽ മിഷനു സാധിക്കട്ടെയെന്ന് ഓർത്തഡോക്സ് സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ.

പുതിയ കാതോലിക്കാ ബാവായ്ക്കു വരവേൽപ് നൽകാനും സ്ഥാപക അംഗങ്ങളെ ആദരിക്കാനും മദ്രാസ് മെഡിക്കൽ മിഷൻ സംഘടിപ്പിച്ച ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മദ്രാസ് മെഡിക്കൽ മിഷൻ പ്രസിഡന്റ് ബിഷപ് ഡോ.യൂഹാനോൻ മാർ ദിയസ്കോറസ് അധ്യക്ഷനായി. ആശുപത്രിയുടെ ആദ്യ ഗവേണിങ് ബോഡി അംഗങ്ങളായ ഡോ.കെ.എം.ചെറിയാൻ, വർഗീസ് ഈപ്പൻ ഉൾപ്പെടെ 15 പേരെ ചടങ്ങിൽ ആദരിച്ചു. ഇന്റഗ്രേറ്റഡ് ക്യാംപസ് ഫോർ ഹെൽത്ത് കെയർ എജ്യുക്കേഷൻ ആൻഡ് ട്രെയ്നിങ് കേന്ദ്രത്തിന്റെ ശിലാസ്ഥാപനം ബാവാ നിർവഹിച്ചു.

സഭയുടെ സന്നദ്ധ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ ആശുപത്രി ബാവായ്ക്കു കൈമാറി. ആശുപത്രി ഓണററി സെക്രട്ടറി എം.എം.ഫിലിപ്പ് പ്രസംഗിച്ചു.



സംസ്ഥാന ഗവൺമെന്റ് ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാൻ നിയമിച്ചിരിക്കുന്ന ബഹുമാനപ്പെട്ട ജസ്റ്റിസ് ബെഞ്ചമിൻ കോശി കമ്മീഷൻ മുമ്പാകെ മലങ്കര ഓർത്തഡോക്സ് സഭയുടെ അങ്കമാലി ഭദ്രാസനം, കൊച്ചിയിൽ അപേക്ഷ സമർപ്പിച്ചപ്പോൾ. യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത, അങ്കമാലി ഭദ്രസന സെക്രട്ടറി ഫാ. എൽദോ എലിയാസ്, ഫാ. ജിതിൻ കാപ്പിൽ, പ്രൊഫസർ ഡോ. ചിക്കു എബ്രഹാം, പ്രൊഫസർ ഡോ. പ്രസാദ് ജോസഫ് ചീരൻ തുടങ്ങിയവർ സമീപം.



പുസ്തക പ്രകാശനം

വാകത്താനം: കേണൽ ഷക്കീർ ജേക്കബ് രചിച്ച് (പരിഭാഷ: ശ്രീ.ജോർജ് ജോസഫ്, ഇഞ്ചക്കാട്ടിൽ) സോപാന ഓർത്തഡോസ് അക്കാദമി പ്രസിദ്ധീകരിച്ച 'ഇടവക ശുശ്രൂഷകൾക്ക് ഒരു കൈപ്പുസ്തകം' എന്ന പുസ്തകം, 2022 മാർച്ച് 19-നു ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ വച്ച് പ്രകാശനം ചെയ്തു. അക്കാദമി ഡയറക്ടർ ഫാ. ഡോ. കെ. എം. ജോർജ്, നിയുക്ത മെത്രാൻ ഫാ. ഡോ. വർഗീസ് ജോഷ്വാ, ഇ. പി. വർഗീസ്, സോപാന ഓർത്ത ഡോക്സ് അക്കാദമി അസോസിയേറ്റ് ഡയറക്ടർ ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, സെക്രട്ടറി ഫാ. സക്കറിയ വി. ജോർജ്. ദയറാ അംഗം ഫാ. ഗീവർഗീസ് മാത്യു എന്നിവർ സംബന്ധിച്ചു.

തിരുവാർപ്പ് പള്ളി അന്തിമ വിധി വന്നു

കോട്ടയം: കോട്ടയം ഭദ്രാസനത്തിലെ തിരുവാർപ്പ് പള്ളിയെ സംബന്ധിച്ച സിവിൽ കേസിലെ മുൻസിഫ് കോടതിയിൽ നിന്ന് ഇന്ന് അന്തിമ വിധി വന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടനപ്രകാരവും, മലങ്കര സഭയുടെ മെത്രാപ്പോലീത്തയാൽ നിയമിതരാകുന്ന വൈദികരാൽ ശുശ്രൂഷയും ഭരണകാര്യങ്ങളും നടത്തപ്പെടണമെന്നു മുൻസിഫ് കോടതി ഉത്തരവിട്ടു കേസ് തീർപ്പാക്കി. നിലവിൽ പോലീസ് പ്രൊട്ടക്ഷൻ അനുവദിച്ചു മലങ്കരസഭയുടെ ഭരണക്രമത്തിലും ആരാധനക്രമത്തിലും തുടർന്നു വരുന്ന ദൈവാലയമാണ് തിരുവാർപ്പ് മർത്തശ്മൂനി പള്ളി.



കോട്ടയം ബസേലിയസ് കോളജിൽ റൂസ ഫണ്ട് ഉപയോഗിച്ച് നിർമിച്ച അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, അക്കാദമിക് ബ്ലോക്ക്, ലൈബ്രറി എന്നിവയുടെ ഉദ്ഘാടനം മന്ത്രി ആർ.ബിന്ദു നിർവഹിക്കുന്നു.കോളജ് പ്രിൻസിപ്പൽ ഡോ. ബിജു തോമസ്, ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട്, എംഒസി മാനേജർ ഡോ. തോമസ് മാർ അത്തനാസിയോസ്, മന്ത്രി വി.എൻ.വാസവൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, നഗരസഭാധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ, ഡോ. ആനി ചെറിയാൻ എന്നിവർ സമീപം.

ചിത്രം : മനോരമ

ബസേലിയസ് കോളജിൽ പുതിയ കെട്ടിടങ്ങൾ തുറന്നു

കോട്ടയം ● വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ വിദ്യാർഥി കേന്ദ്രീകൃതമാകണമെന്ന് മന്ത്രി ആർ.ബിന്ദു. കോട്ടയം ബസേലിയസ് കോളജിൽ റൂസ ഫണ്ട് ഉപയോഗിച്ച് നിർമിച്ച അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, അക്കാദമിക് ബ്ലോക്ക്, ലൈബ്രറി എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി മാറ്റിയെടുക്കുകയാണു സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

കോളജിലെ ക്വാളിറ്റി ഇനിഷ്യേറ്റീവ് ബ്ലോക്കിന്റെ ഉദ്ഘാടനം മന്ത്രി വി.എൻ.വാസവൻ നിർവഹിച്ചു പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്നതിന് അവസരം കാത്ത് ഇനി ഒരു വിദ്യാർഥിക്കും നിൽക്കേണ്ടി വരില്ലെന്നും പിന്നാക്കാവസ്ഥയിലുള്ള വിദ്യാർഥികളെ മുന്നിലേക്കു കൊണ്ടുവരാൻ സർക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിച്ചു. രാഷ്ട്രീയ ഉച്ചതാർ പദ്ധതി (റൂസ) പ്രകാരം അനുവദിച്ച രണ്ടു കോടി രൂപ ചെലവഴിച്ചാണ് കെട്ടിടങ്ങൾ നിർമിച്ചത്. എംഒസി മാനേജർ ഡോ. തോമസ് മാർ അത്തനാസിയോസ്, റൂസ കോഓർഡിനേറ്ററും കോളജ് വിദ്യാഭ്യാസ ഡയറക്ടറുമായ വി.വിഗ്നേശ്വരി, പരിശുദ്ധ കാതോലിക്കാ ബാവയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, നഗരസഭാധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ, കോളജ് പ്രിൻസിപ്പൽ ഡോ. ബിജു തോമസ്, റൂസ കോഓർഡിനേറ്റർ ഡോ. ആനി ചെറിയാൻ എന്നിവർ പ്രസംഗിച്ചു.



വിശ്രമ ജീവിതത്തിലേക്ക് പ്രവേശിച്ച വൈദികശ്രേഷ്ഠർക്ക് ആദരവ്

കോഴിക്കോട്: മലബാർ ഭദ്രാസനത്തിൽ മൂന്നു പതിറ്റാണ്ടിലേറെ ഇടവക ശുശ്രൂഷ ചെയ്ത് 2021-ൽ വിശ്രമ ജീവിതത്തിലേക്ക് പ്രവേശിച്ച സീനിയർ വൈദികർക്ക് മലബാർ ഭദ്രാസനത്തിന്റെയും വൈദീക സംഘത്തിന്റെ സ്നേഹാദരവ്. കോവിഡ്-19 വ്യാപന കാലഘട്ടത്തിൽ ഭദ്രാസനതലത്തിൽ പൊതുസമ്മേളനം നടത്തി യാത്രയയപ്പു നടത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ മലബാർ ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ. എബ്രഹാം മാർ സെറാഫിമും വൈദീക സംഘവും 2022 മാർച്ച് 21, 22, വിശ്രമ ജീവിതത്തിലേക്ക് പ്രവേശിച്ച വൈദികരുടെ ഭവനങ്ങൾ നേരിൽ സന്ദർശിച്ചു പ്രാർത്ഥന നടത്തുകയും മലബാർ ഭദ്രാസനത്തിന്റെയും വൈദീക സംഘത്തിന്റെയും സ്നേഹ ബഹുമാന ആദരസൂചകമായി പൊന്നാട അണിയിക്കുന്നതും മമന്റോ സമ്മാനിക്കുകയും ചെയ്തു.



പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. ജോൺസ് എബ്രഹാം കോനാട്ടും, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മനും കാലം ചെയ്ത പരിശുദ്ധ ബസ്സേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ സ്വപ്ന പദ്ധതിയായ അയ്യംപറമ്പ് ബഥേൽ കുന്നിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 12 വീടുകൾ സന്ദർശിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ, സഭാ മാനേജിംങ്ങ് കമ്മറ്റി അംഗം പി. യു. ഷാജൻ എന്നിവർ കൂടെ ഉണ്ടായിരുന്നു.